# ചിത്രശാല

ഉള്ളൂർ

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

# ചിത്രശാല

മഹാകവി,

റാവു സാഹിബ്, ഉള്ളൂർ എസ്. പരമേശ്വരയ്യർ.

എം. എ; ബി. എൽ.

പ്രസാധകൻ

ഉള്ളൂർ പി. രാമനാഥൻ,

ശാരദാനികേതനം, ജഗതി,

തിരുവനന്തപുരം.

കമലാലയാ ബുക്ക് ഡിപ്പോ,

തിരുവനന്തപുരം.

൧൧൨൪.

വില-രൂപാ ൧.

പ്രസാധകന്റെ മുദ്രയില്ലാത്ത പ്രതികൾ വ്യാജനിർമ്മിതമാകുന്നു.

Digitized By Kerala Sahitya Akademi

Printed at the
Kamalalaya Printing Works
Trivandrum.

Digitized By Kerala Sahitya Akademi

# ചിത്രശാല.

(കേക)

"ഭാരതക്ഷ്മേ! നിന്റെ പെൺമക്കളടുക്കള-
ക്കാരികൾ, വീടാം കൂട്ടിൽക്കുടുങ്ങും തത്തമ്മകൾ,
നരന്നു ഗർഭാധാനപാത്രങ്ങ,ളാജന്മാന്തം
പരതന്ത്രകൾ, പശുപ്രായക,ളബലകൾ,
ആടയും പണ്ടങ്ങളും കൊണ്ടു മെയ്യാകെക്കൂടി
മൂടിന യന്ത്രക്കളിപ്പാവകൾ, വരാകികൾ;
എങ്ങവർ പതിതകൾ സഹധർമ്മിണീഗൃഹ-
മങ്ഗലദേവതാദിനാമങ്ങൾക്കനർഹകൾ?
ഭാരതക്ഷ്മേ! ഹാ! നിൻ ലാളനം തനിക്കുന്നു
പുരുഷന്മാരിൽ; നീയും സ്ത്രീകൾക്കു മാതാവാണോ?
ഒരു കാൽ നീർക്കെട്ടാർന്നും, മറ്റേക്കാൽ മെലിഞ്ഞിട്ടും;
മരുവും നിനക്കേതുമാർഗ്ഗത്തിൽപ്പുരോഗതി?
അപരിഷ്കൃത താൻ നീ; യറിവറ്റവൾ താൻ നീ;
അപഥസ്ഥിത താൻ നീ; യനാകമ്പ്യയും താൻ നീ;

Digitized By Kerala Sahitya Akademi

ന്നിൽക്കൊല്ലേ സമക്ഷത്തു ലോകരേ! പാപിഷ്ഠയാ-
മിക്കഷ്ടരോഗാർത്തയെത്തീണ്ടൊല്ലേ! നശിക്കൊല്ലേ!"
ഇമ്മട്ടിൽക്കടന്നോതിയിന്നലെ മധ്യാഹ്നത്തിലൊ-
രമ്മേരിക്കതൻ വിത്താമമ്മേയോടുപരസ്ത്രീണി.
അല്പവും ധരിച്ചോളല്ലമ്മതൻ പരമാർത്ഥ-
മല്പച്ചപ്പരിഷ്കാരക്കാരിയാം ചട്ടക്കാരി!

## II

അമ്മതാമ്മതൻ മൊഴിയമ്പുകൾ മരത്താവി-
യമ്മതൻ ചെവിക്കുള്ളിലാഞ്ഞാഞ്ഞു തറയ്ക്കയായ്.
ഖേദിച്ചാളപാരമായദ്ദേവിയിമ്മട്ടുള്ള
കാതറൈൻ മേയോവിന്റെ കൈകൊട്ടിക്കളിപ്പാട്ടിൽ.
ചിന്തിച്ചാൾ: "എങ്ങോ മേവുമിപ്പുത്തൻപെൺപൂമ്പാറ്റ-
യ്ക്കെന്തിങ്ങു ബന്ധം വരാൻ; എന്നെക്കൊണ്ടൊരോ-
[ന്നോതാൻ?
മുത്തശ്ശിക്കില്ലേത്രമേ സൗന്ദര്യമെന്നിമ്മുഗ്ദ്ധ
മുത്തണിപ്പോർക്കൊങ്കകൾ തുള്ളിച്ചു ജല്പിക്കുന്നു.
കാർമുകിൽ മറച്ചിട്ടും വാനത്തിൽ ജ്യോതിർഗ്ഗണം
കാണ്മതിന്നരിപ്പമെന്നോതുന്നു കണ്ണില്ലാത്തോൾ.
പങ്കത്തിൽപ്പുരണ്ടതാം പത്മരാഗത്തെപ്പാർത്തു
ശങ്കവിട്ടുരയ്ക്കുന്നു മഞ്ചാടിയെന്നിസ്സ്ത്രീശു.

Digitized By Kerala Sahitya Akademi

ഞ്ചിട്ടന്നും ഞാനും തമ്മിൽ വൈരുദ്ധ്യങ്ങൾ; ഞങ്ങൾക്കുണ്ടാ-
മിഷ്ടത്തിൻ വിവർത്തമാം വാക്‌തർക്കം മിഥഃസ്ഥിതം.
അമ്മേരിക്കേ! ഹാ! വെറും മിന്നൽപോലെന്നിൽ പായും
നിന്മക്കൾക്കെന്തിതിങ്കൽ മാദ്ധ്യസ്ഥ്യദീക്ഷാന്യായം?
ഹന്ത! ഞാൻ പെൺമക്കളിൽ പ്രീതിയില്ലാത്തോൾ- [പോലു,-
മെന്തബദ്ധമിക്കുട്ടി ധാർഷ്ട്യത്തിൽപ്പുലമ്പിപ്പോയ്!
ആനഖാന്തവും പിന്നെയാശിഖാന്തവും വാച്യം
നീ നിന്റെ മുറ്റം തൂത്താലെത്ര നന്നായെൻ വത്സേ!
ദുഭ്ള്ളാം വിഷം ചേർന്ന നിൻ സാന്ത്വവാക്യാംഭസ്സാ-
ലല്പവും ശമിക്കുവോന്നല്ലെന്റയന്തർദ്ദാഹം;
പാരിക്കും വിശപ്പിലും ഞാൻ നിന്റെ കരം വീഴ്ത്തും
കാരുണ്യപ്പിച്ചയ്ക്കായിക്കൈക്കുമ്പിൾ കാണിപ്പീല.”

## III

ഹിമവൽപർവ്വതത്തിൽ നിവസിക്കുന്നുണ്ടൊരു
സമലോഷ്ടാശ്മജാംബൂനദനാം തപോധനൻ;
അരയപ്പെൺപൈതലിൻ മകനായ്പ്പിറന്നു നാ-
ന്മറകൾ പകുക്കുവാൻ സാധിച്ച മഹാഭാഗൻ;

Digitized By Kerala Sahitya Akademi

പാരിതിൻ നന്മയ്ക്കായിപ്പഞ്ചമം വേദം മഹാ-
ഭാരതം ഗാനം ചെയ്ത ഭഗവാൻ ശുകഗുരു;
വേറെയും പുരാണോക്തിപീയൂഷം ധരിത്രിയിൽ
ധാരധാരയായ്പ്പെയ്ത സൌജന്യഘനാഘനം;
സംസാരപാരാവാരപാരീണൻ; സാക്ഷാദ്രാജ-
ഹംസാധിരൂഢാങ്ഗനാപാദാബ്ജമധുവ്രതം;
അന്യനെ സ്നേഹിപ്പതേ പുണ്യമൊന്നവനിയി-
ലന്യനെ ദ്വേഷിപ്പതേ പാപമെന്നരുൾചെയ്തോൻ;
അർത്ഥകാമാദിക്കെല്ലാം ബീജമാം ധർമ്മത്തെത്താൻ
മർത്ത്യരേ!സേവിപ്പിനെന്നുച്ചത്തിലുൽഘോഷിച്ചോൻ;
കൃത്സ്നമാം പുണ്യത്തിനാൽ ഭാരതാംബയാൾ പെററ
കൃഷ്ണദ്വൈപായനാഖ്യ കൈക്കൊള്ളും കൃപാമൂർത്തി;
ക്ഷോണി താൻ കുടുംബമശ്ശോഭന,നാദ്ധ്യാത്മിക-
ജ്ഞാനം താൻ ഭണ്ഡാഗാരം; മുക്തി താൻ സധർമ്മിണി.
ലോകാനുഗ്രഹത്തിനായ് വാഴ്കയാണശ്ശൈലത്തി-
ലേകാന്തബ്രഹ്മദ്ധ്യാനനിഷ്ഠനച്ചിരഞ്ജീവി.

## IV

മാതൃഭൂദേവിയാൾതൻ സന്തപ്തദീർഘശ്വാസ-
മാദിക്കൊന്നലയ്ക്കുവേ നീഹാരം നീരാവിയായ്.

Digitized By Kerala Sahitya Akademi

തൽക്ഷണം തപോധനൻ നിർവ്വികല്പമായുള്ള
തത്സമാധിയെക്കണ്ടാൻ ഭഗ്നമായ്—നിവൃത്തമായ്.
ആ വികാരത്തിന്നെന്തു ഹേതുവെന്നോക്കെക്കാണായ്
ദേവിയാമായ്യക്ഷോണി—തന്നമ്മയ്യൂഴം താപം.
നില്പതും പാർത്താൻ ദൂരെയമ്മെരിക്കയെ-പ്പേർത്തും
ദർപ്പത്താലാധ്മാതയാം മേയോവിൻ മാതാവിനെ.
വേഗേന തൽകർണ്ണത്തിൽ സ്വാദുവാം വചസ്സുധ
തൂകിനാൻ സർവ്വഭൂതസൌഭ്രാത്രശിക്ഷാഗുരു.
"സ്വാഗതം! വിമാതാവേ! ശങ്കവിട്ടിങ്ങോട്ടേക്കൊ-
ന്നാഗമി,ച്ചിവൻ കാട്ടും കാഴ്ച കണ്ടാനന്ദിക്കൂ;
അഞ്ജനം വേറേ വേണ്ട; കണ്ണിൽനിന്നഹങ്കാര-
മഞ്ജനച്ചില്ലെടുത്തങ്ങു മാററിയാൽ മാത്രം മതി.
നൂനം തത്പുരോഭൂവിൽ സാധ്വിയാമെന്നമ്മയെ-
യാനനാവഗുണ്ഠനം നീക്കി ഞാൻ നിർത്തിത്തരാം.
കണ്ടിടാമപ്പോൾ തത്ത്വം കണ്ണിന്നു; കൈക്കൊൾകെന്റ്
പണ്ടത്തെച്ചിത്രശാല നൽകവോരാതിഥ്യത്തെ.
മിക്കതും പാർക്കാമങ്ങേക്കന്നോരമെന്നമ്മയ്ക്ക്
മക്കളോ മകളരോ വാത്സല്യം വായ്പോരെന്നായ്."

Digitized By Kerala Sahitya Akademi

## V

(നതോന്നത)

ആദിയിങ്കൽ മഹർഷിയൊരാലേഖ്യത്തിൻ സമീപത്തിൽ
പ്രീതിപൂണ്ടു നയിച്ചാനപ്പേശലാംഗിയെ;
അരുളിച്ചെയ്കയും ചെയ്താൻ; "അയി! കാൺക പടമിതി-
ലൊരു പുമാനേയും നീ തൽഭഗിനിയേയും.
മാമലകൾക്കരചൻെറ മക്കളിവരിരുവരു-
മീമഹിളാമണി ഗൌരി, ധീരൻ മൈനാകം.
കലികൊണ്ടു മപ്പടിച്ചു കലഹത്തിന്നമരേന്ദ്രൻ
കുലിശവുമുലച്ചുലച്ചണഞ്ഞിടവേ
ശത്രുവിൻെറ മാർത്തടമോ സപ്തസപ്തിമണ്ഡലമോ
ശസ്ത്രമെയ്തു പോർക്കളത്തിൽപ്പിളർന്നിടാതെ;
അതിവൃദ്ധൻ ജനകനെത്തുണയ്ക്കാതെ; മഹീഭൃത്തിൻ
സ്വധർമ്മത്തെ സ്വല്പംപോലുമനുഷ്ഠിക്കാതെ;
തൽക്ഷണത്തിലിവൻ പാഞ്ഞു സാഗരത്തിന്നകം ചാടി
രക്ഷാലാഭചരിതാർത്ഥൻ പരമഭീരു.
അവിടെ നാൾ കഴിക്കയാണേടിമയായ്ജ്ജലപതി-
ക്കവനതശിരസ്സാമീയധമജന്തു.

* * * * *

ഇവനുടെയവരജ ഭഗവതിയപർണ്ണയോ
കുവലയമിഴിമാർക്കു കുലാലങ്കാരം.
എത്ര കാമൻ തുനിഞ്ഞാലും,മേരു കനം പൊഴിച്ചാലും,-
മെത്രമാത്രം പരിസരമൊത്തു വന്നാലും,
പൂവൽമേനിപ്പുറത്തൊലിപ്പു ലുകണ്ടു മയങ്ങുന്ന
കേവലനാം വിടനല്ല ദേവൻ ഗിരീശൻ;
എന്നറിഞ്ഞു തന്മദം സന്ത്യജിച്ചു തപസ്സിനാൽ
തന്നകതാർ തനിസ്സത്താസമ്പന്നമാക്കി
ആയതിൽതന്നന്തകനെയാദരത്തിലണച്ചു ത-
ജ്ജായയായിജ്ജയംപൂണ്ടാൾ ജഗജ്ജനിത്രി.
ശൂലിയും തന്മനഃസ്ഥൈര്യം ശ്ലാഘിനോക്കാൻ തുനിഞ്ഞ-
ശൈലരാജപുത്രിയെന്ന തത്താമോക്കാതെ. [ശ്ലോ:
ആ വിഭുവിൻ വാമഭാഗമാത്മശുല്ക്കീഭവിപ്പിച്ചാൾ
ദേവിയുമ ഹൈമവതി നിത്യകല്യാണി.
വാമഭാഗത്തിങ്കലല്ലീ ജീവികൾക്കു ഹൃദയം? ഈ-
യോമലാളെയതിന്നീശനീശ്വരിയാക്കി.
ലോകയാത്രചെയ്യയാണദ്ദമ്പതിമാരിത്തരത്തി,-
ലേകയോഗക്ഷേമമെങ്ങുണ്ടിതിന്നുമീതേ!
പ്രേമമാകും ദിവ്യജ്യോതിസ്സന്തവേദിപ്രതിഷ്ഠിത-
മാമിഷാശനാൾ ന്താഃം ഹാ! തദാഭാസം.

Digitized By Kerala Sahitya Akademi

# VI

ഇനിയൊരു പടത്തിങ്കലിരുവരുണ്ടിതാ കാൺമൂ
പനിമതിമുഖിയൊന്നു, പരൻ പുരുഷൻ.
ഇരുവരുമലകടൽമണികാഞ്ചിയണിയുന്ന
ധരണിതന്നപത്യങ്ങളുടപ്പിറന്നോർ.
മൂത്തതതിൽമനുജനാ, * മിളയതു മഹിളയും;
പാർത്തലത്തിൻവിളക്കി, തല്ലൽപാതകേതു.
പാതിവ്രത്യത്തിടമ്പെന്നു പാരിടത്തിൽ പ്രഥിതയാം
സീതയിവൾ, നരകാഖ്യദാനവനവൻ;
ശങ്കവിട്ടു സതികളിൽപ്പതിനാറായിരംപേരെ-
ത്തങ്കരിങ്കൽത്തുറുങ്കിലിട്ടടച്ച പാപി; ൧൩൦
അണ്ടർകോനെപ്പോർക്കളത്തിൽക്കൊമ്പുകുത്തിച്ചദിതി [തൻ
കുണ്ഡലങ്ങൾ കൂസൽവിട്ടു കൊള്ളചെയ്തവൻ;
വരബലമദമത്തൻ, തനതുപേർ ജനനിക്കു-
മരുളിനോരധർമ്മിഷ്ഠകുലപ്പെരുമാൾ:—
ഈ മനുഷ്യകളങ്കത്തെയന്തകന്നു വിരുന്നൂട്ടി
ഭാമ കണ്ടു കൺകുളിർക്കെപ്പാഥോജനാഭൻ.

---

* വരാഹാവതാരത്തിൽ ഭൂമിദേവിക്കു മഹാവിഷ്ണുവിൽ ജനിച്ച പുത്രനാണു് നരകാസുരനെന്നു ശ്രീമൽഭാഗവതം.

Digitized By Kerala Sahitya Akademi

*  *  *  *  *

സീതയെത്ര വിഭിന്നയിശ്ശീലഹീനൻതങ്കൽനിന്നും!
സീതയത്രേ ജഗതിതൻ ദിവ്യസന്താനം.
തൻപ്രിയൻപോമടവി താൻ തന്നയോദ്ധ്യാരാജധാനി;
തൻ പ്രിയൻതൻ പുൽക്കുടിൽ താൻ തൻമണിസൌധം:
എന്നു തേറിയിടം വലമേതുമൊന്നു തിരിയാതെ
[illegible] സതീവ്രതം ചരിപ്പതിന്നായ്
പരുപരുത്തിരിപ്പൊരു മരവുരിയരുവയർ
തിരുവരമറയുമാറെടുത്തുചാർത്തി
കായസാദം കരുതാതെ കാനനത്തിൽപ്പിൻതുടർന്നാൾ
ഛായപോലെ ദയിതനെച്ചാരിത്രധാമം.
കാട്ടിലെഴും കല്ലും മുള്ളും കാന്തമാക്കി കുസുമത്തെ-
ക്കാട്ടിലേററം മൃദുവെന്നു കാട്ടി കല്യാണി.
പ്രേമസംസ്ഥയല്ലീ ദേവി? പിന്നെയെന്തു രുജ? യവൾ-
ക്കാമണിത്തേർ പുഷ്പകത്തെക്കാളതിരമ്യം.
പൂരുഷന്നു നല്ലനാളിൽത്തൻകളത്രം പകിട്ടേറും
സാരസനിവാസിനിതൻ സപത്നി മാത്രം.
ഹാ! കദനം വരുമ്പോൾത്താനാത്മഹൃദയേശ്വരനെ-
യാകമാനം ഗൃഹിണിമാരനുഭവിപ്പൂ.



Digitized By Kerala Sahitya Akademi

യാതുധാനപ്പെരുമാൾതൻ രാജധാനിക്കകം ദൈവം
യാതനയാൽ മഥിച്ചോരു കാലത്തുപോലും
ചാരിത്രമാം തന്ത്രത്താൽ ഛാദിതമാമിസ്സതിക്കു
വൈരിയോങ്ങും വാളു തോന്നി വാഴനാരായി.
അമ്പിളിയും കതിരോനുമഷ്ടദിക്പാലകന്മാരും
തൻ പ്രിയത്തെക്കൊതിച്ചീടും ദാസരാകട്ടെ; ൧൩
മാമല കൈയിരുപതും മാറിമാറിപ്പന്താടട്ടെ;
നാമധേയം നാരീഗർഭം സ്രവിപ്പിക്കട്ടെ;
താർമകൾ പോയ് മണിമേടത്തകമുറ്റം തളിക്കട്ടെ;
കാമദേവൻ വപുസ്സിന്നു കപ്പമേകട്ടെ:—
തൻകഴുത്തിൽത്താലിവച്ചോൻ തൻ കണവ,നന്യനെത്ര
ലങ്കമുടിചൂടിയാലും തുച്ഛരിൽത്തുച്ഛൻ.
എന്നുറച്ചു നിലകൊണ്ടാളീവധൂടി—ഭരതോർവി
തന്നുടയ ജീവനാഡി—ചൈതന്യമൂർത്തി. [വണെ;
പാർത്ഥിവനായ്ക്കാണ്മൂ നമ്മൾ ഹാ! ചിലപ്പോൾ രാഘ-
സ്വാർത്ഥചിന്താപരനായും മററു ചിലപ്പോൾ. ൧൪
പൂരുഷൻതൻ ദിവ്യതയ്ക്കു പൂർത്തിയില്ല; കരിപ്പുള്ളി
സൂരനില്ലാ സുലഭം താൻ സൂക്ഷി[illegible]ത്താൽ.
ഭിന്നയതിൽനിന്നു വധുവെന്നു പൊ[illegible]ാളരികനൽ-
പ്പൊന്നശോകത്തോപ്പു വീണ്ടും പൂകിയിദ്ദേവി.

Digitized By Kerala Sahitya Akademi

അണയാത്ത മണിവിളക്കു,ക്കഴിയാത്ത കുങ്കുമപ്പൊ,-
ട്ടണിവാടാമലർമാലയവനിക്കിവരം.

## VII

ഇനി വേറിട്ടൊരു ചിത്ര,മിതിലും കണ്ടിടാമൊരു
വനിതമാർമണിയേയും മനുജനേയും.
ഉഗ്രസേനദേവകാഖ്യസോദരർതന്നപത്യങ്ങ-
ളിക്കംസനുമിളയോളിദ്ദേവകിതാനും. ൧൫൦
എന്നറിഞ്ഞു തൽഭഗിനിതൻ സുതരിലൊരുവനാൽ
തന്നറുതിവരുമെന്നാത്താമസശീലൻ;
അന്നുതൊട്ടു മറക്കയായറനെറിമുറയെല്ലാം;-
മുന്നമവനൊന്നു മാത്രം—സ്വപ്രാണത്രാണനം.
ഏതുമൊരു ക്രൂസലെന്ന്യേ വാളുലച്ചാൻ വധിക്കുവാൻ
സോദരിയെ—നവോഢയെ—നിതംബിനിയെ;
കൂറുവിട്ടു കുടുക്കിനാൻ കൂട്ടിനുള്ളിലവർകളെ റോറോ-
രാറു പിഞ്ചുകിടാങ്ങളെക്കശാപ്പു ചെയ്താൻ.
ചക്രവർത്തിക്കൊരു സാധുസ്ത്രീയോടേതുവിധമെല്ലാ-
മക്രമങ്ങൾ തുടന്നിടാ,മവ തുടന്നാൻ. ൧൬൦
വിശങ്കമക്ഖലൻ തന്നെ വിജയിയെന്നുറയ്ക്കവേ
വിശൃംഖലം വിധിയതിൻ വിഭുത കാട്ടി.

Digitized By Kerala Sahitya Akademi

പിറന്നു തൻ മരുമകൻ—പിതൃപതി—ഭഗിനിതൻ
തുറുങ്കിൽ; മറെറാരു ദിക്കിൽപ്പറന്നുപോയി;
ഊരിലുള്ളോരുണ്ണികളെയൊക്കെയും കൊന്നൊടുക്കീട്ടും
വൈരിയവൻ വളരുന്നു വാട്ടമില്ലാതെ.
വരുവതു വരുമെന്നു കരുതീല; വരാസ്ഥതി-
ന്നൊരുപരദേവതയോടിരന്നുമില്ല;
പൌരുഷംകൊണ്ടെതിർത്തീലാപ്പാപിയേതും നിയതിയെ-
ബ്ഭീരുതയിൽ വെറുമുച്ചപ്പിച്ചേതോ കാട്ടി.
തൻനിഴലിൽത്താൻപതറിക്കണ്ണിമ തെല്ലടയാതെ-
യെണ്ണിയെണ്ണി ഞൊടിയോരോന്നവൻ കഴിച്ചു.
താൻ പടുത്ത നരകത്തിൽ—താൻ വളർത്തകൊടുന്തീയിൽ
സാമ്പ്രതമദ്രോഹി വീണു ചാകാതെചത്തു.
ഭാഗിനേയനരുളിന പഞ്ചതയപ്പാതകിക്കു
ലോകദൃഷ്ടിയിലുമൊരു മോചനമായി.
ശിശുക്കളെ വധിച്ചു തന്നസുക്കളെപ്പുലർത്തുവാൻ
പശുക്കളും കൊതിക്കുമോ? പതിതൻ മർത്ത്യൻ!

*   *   *   *

ഭുവപുസ്സു പുളകമാം ഭൂഷണജാലമണിയിച്ചു
ദേവദേവജനയിത്രി ദേവകീദേവി.
അവിടത്തെത്തിരുവയറാവനിക്കു സമർപ്പിച്ചു
ഭവഭയശമനമാം പരമൌഷധം.

Digitized By Kerala Sahitya Akademi

*  *  *  *

കുഞ്ഞുകണ്ണുനീരരുവപൂര കൽത്തരംഗം; തായ്മുലപ്പാൽ
നഞ്ഞുചാറു; മൃതപ്രായർ മാതാപിതാക്കൾ.
മാതുലൻെറ കല്പനയാൽ മർത്ത്യപാശർ ജിംഘാസുക്കൾ—
മാടുപോലും—ശ്വസിക്കുന്ന മാരുതൻ പോലും!
ദേവകൾക്കുമവരിൽത്താൻ സ്നേഹമുള്ളിലെന്നു തോന്നു-
മാവിരിഞ്ചപ്രമുഖർതന്നകൃത്യം കണ്ടാൽ.
ആയവക്കു സകലക്കും ഹാനി ചേർത്തു സുജനങ്ങൾ-
ക്കായർകുലച്ചെറുപൈതലാനന്ദമേകി. ൨൨

പള്ളിയോടക്കുഴൽവഴി പാലമൃതുമഴ പെയ്തു
കല്ലിനേയുമലിയിച്ചു കല്യാണമേഘം.
സത്തുകൾക്കു മഖത്തിങ്കൽ കാൽ കഴുകും; തനിക്കൊരാൾ
ഭക്തനായാലവന്നുതു ദാസ്യവും ചെയ്യും;
കേഴുമൊരു സതിക്കേകും പട്ടുസാരി; കൃപണനെ-
യേഴുനിലമാളികയിലേററിപ്പുലത്തും.
ചമ്മട്ടിയും കയ്യുമായി ധർമ്മക്ഷേത്രപ്പോർക്കളത്തി-
ലമ്മഹാത്മാവർജ്ജുനൻതന്നകം തെളിവാൻ
തേർത്തടത്തിൽ നിന്നുകൊണ്ടു ചെയ്തു ദിവ്യഗാനമിന്നും
പാർത്തലത്തിൻ ദരികളിൽ മാറെറാലിക്കൊൾവു. ൨൩

നാഥനനാം നല്കിയോരു നാന്മറപ്പാൽ[illegible]
നാദബ്രഹ്മമാം ചൈതന്യത്തിൽ ന[illegible]

Digitized By Kerala Sahitya Akademi

വാനിലേററവുമെഴുന്നൊരു കല്പടവുകളെല്ലാമാ കോണി;
മാനസം പോയ് മുഴുകേണ്ടും ജാഹ്നവീതീൎത്ഥം.
കാൎയ്യസാരം കഥിച്ചോരക്കൎമ്മയോഗമാൎഗ്ഗദർശി–
യാൎയ്യഭൂമിക്കായുഗാന്തമാചാൎയ്യാചാൎയ്യൻ.
"സത്യധൎമ്മപഥങ്ങളിൽ സഞ്ചരിച്ചോ,നിഹത്തിൽ [ഞാൻ
കൃത്യലോപം വരുത്താതെ ജീവിച്ചോ,നെന്നാൽ
എൻകിടാവു കൺമിഴിക്കുമിക്ഷണ"മെന്നരുൾചെയ്തു
തൻകരംകൊണ്ടവനൊന്നു തലോടി നിൽക്കേ
ദ്രൗണിയെങ്ങു? തദസ്ത്രത്തിൻ ജ്വാലയെങ്ങു? മൃതിയെങ്ങു?
ഉണ്ണിയന്നു പരീക്ഷിത്തു ജീവിച്ചു വീണ്ടും.
ഗോപൻപോലുമവൻ; ശരി; ഗോക്കൾ മൎത്ത്യ,രവരുടെ
താപശാന്തിക്കവൻ തേടി ധാത്രിയിൽ ജന്മം.
ഗോക്കളെയാണവൻ കാത്ത, തോൎമ്മവേണം; പോരാ [മൎത്ത്യൻ
വ്യാഘ്രമായാൽ—ഫണിയായാൽ—ഗോമായുവായാൽ.
ആനൃശംസ്യംകൊണ്ടു വേണ,മാരമദമംകൊണ്ടുവേണം
മാനുഷരപ്പശുപാലമാഹാത്മ്യം കാണ്മാൻ.
മങ്ഗലാത്മാ മഹായോഗി മരതകമണിവൎണ്ണൻ
ഞങ്ങളുടെ വാസുദേവൻ ഞങ്ങൾക്കു ദൈവം.

Digitized By Kerala Sahitya Akademi

തമ്പുരാൻ തന്നരിയ കൈത്താമരതൻ തലോടലി-
ക്കാംക്ഷിനിയാം കബ്ജയുടെ ക്രന നിവിക്കം.
മുത്തെടുത്തു ധരിക്കും നാം ശുക്തികയെ മറക്കാമോ?
ദുഗ്ദ്ധമാരു നമുക്കേകും ഗോമാതാവെന്ന്യേ?
ഖ്യാതിയുടെ കളിത്തോപ്പായ്ക്കാസേതിത്തിൻ ജനയിത്രി
ഗീതയുടെ പിതാമഹി ജയിച്ചിട്ടുന്നു.

## VIII

കാങ്കെ വേറിട്ടൊരു ചിത്രമിതിലുമുണ്ടൊരു പുള്ളി-
മാൻകിശോരമിഴിയാളുമൊരു പുമാന്നം.
കണ്ഡിനേശൻ ഭീഷ്മകൻതൻ മക്കളിവ;രേട്ടൻ രുക്മി;
കൊണ്ടൽവേണിയിളയവൾ രുക്മിണീദേവി. വന്നാ
ആ മഹീശകിശോരകന്നാദിമുതലാത്മമിത്രം
ദാമഘോഷി ശിശുപാലൻ സജ്ജനദ്രോഹി.
ഹീനതമായ് സഹവാസമെത്ര ഹേയം? കടൽ തൊട്ടം
വാനവർതൻ പുഴയിലേ വാരിയും ക്ഷാരം.
ചേദിപന്നു ഭഗിനിയെ ജ്യേഷ്ഠനേകാൻ നിശ്ചയിച്ചാൻ;
താതനേയും കൊല്ലുമവൻ തന്നോടിടഞ്ഞാൽ.
തൃഷ്ണ പണ്ടേ മുകുന്ദനിൽ സ്ത്രീമുടിമുത്തവൾക്കേറി;
കൃഷ്ണനമക്ഖലനമോ കീരിയും പാമ്പും.

Digitized By Kerala Sahitya Akademi

കണ്ടതില്ല കഴിവൊന്നും; കണ്ടവന്റെ കൈയിൽനിന്നു
കണ്ഠപാശം പതിക്കുവാൻ കാലവുമായി. ൨൦

സുന്ദരിക്കു തുണയുണ്ടു രണ്ടുപേ,രൊന്നലരമ്പൻ;
പിന്നെയൊന്നൊരശരണ്ണൻ പൂണുന്ത്രൽക്കാരൻ.
പോരുമവർ; കാണികൾതൻ കണ്മിഴികളോടു കൂട്ടു
തേരിലേററീ ദയിതയെദ്ദേവകീപുത്രൻ.
കാപ്പുകെട്ടിയിരുന്നോരു കൈ വയറ്റിൽ വെച്ചു ചൈദ്യൻ;
ഓപ്പയല്ലേ? പെണ്ണിനു പിൻപോടി രുക്മിയും.
"ഗോരസത്തിൽനിന്നു സാരി! സാരിയിങ്കൽനിന്നു നാരി!
ചോരനിവൻ വിളയുന്ന വിളച്ചിൽ കൊള്ളാം!!
കാലി മേയ്ക്കും ചെറുക്കനെക്കാലന്തരിന്നയച്ചേ ഞാൻ
കാലു കുത്തു പുരിയി"ലെന്നാണയിട്ടോതി ൨൫
നർമ്മദതൻ തടത്തിൽ പോയ് നാളീകപ്പേമഴ പെയ്യാൻ;
നമ്മരീതിക്കൊരു കണ നാടകമെയ്യാൻ;
പൈങ്കിളിനേർമൊഴിയാൾതൻ പ്രാർത്ഥനയാൽ മീശ
[പോക്കി-
യെങ്കുടുമ്മവെച്ചയച്ചാൻ സ്യാലനെദ്ദേവൻ.
ഭീരുവിന്നു കൃതാർത്ഥമായ് ഭോജകടവാസാകൊണ്ടു
വീരവാദ,മവൻ മാനി; ദൈവവും മാനി!!

Digitized By Kerala Sahitya Akademi

പ്രദ്യുമ്നന്നു നല്കിനാൻ തൻ നന്ദിനിയെബ്ഭഗിനിയാൽ
ദത്തമായ ജീവിതത്തിൻ നിഷ്കൃതിപോലെ.
ചൂതിൽവച്ചു മുസലിയാൽ തോൽവിവന്ന പൊഴുതിലും
പാതകി താൻ ജയിച്ചതായ്പ്പാഴ്പ്പൊളിയോതി.
"മന്നനമായ്ച്ചൂതിനാശ മാറ്റിടയച്ചെറുക്കന്നു;
മണ്ണുതീനിപ്പാമ്പിനാശ വാസുകിയാവാൻ!"
എന്നുരച്ചു ചിരിപ്പുളവീറപൂണ്ടോരെതിരാളി
തന്നുലക്കകൊണ്ടു തല തച്ചുപൊളിച്ചു.
ലോലമാം തൻ രസന താൻ മാരണവാളവന്നെന്നാ,–
യാളറിയാക്കളിയാക്കുമാപത്തുതന്നെ.

*        *        *        *        *        *        *

പതിനാറായിരത്തെട്ടു പരമസുന്ദരിമാരാം
പതിവ്രതാമണിമാർതൻ പതി ഭഗവാൻ
ശീലമലർമാലികയ്ക്കു കെട്ടുപെട്ടു ചെണ്ടുപോന്നു
നീലമിഴി രുക്മിണിക്കു നിത്യകൈങ്കര്യം.
വില്ലുകൊണ്ടു പയറ്റാനും വിണ്മരത്തെപ്പിഴുക്കാനും
തെല്ലുമവർക്കൊരു കൊതി ചേതസ്സിലില്ല.
ഭാമയൊരു കവിത തൻപ്രാണനാഥ,ന്നരിയൊരീ–
ശ്യാമളാളൊരുപനിഷദ്ദേവതാഭേദം.

Digitized By Kerala Sahitya Akademi

ആകെയവളിത്തരത്തിലാത്മകാന്തഹൃദയമാ-
മേകച്ഛത്രസാമ്രാജ്യത്തിന്നീശ്വരിയായി
മരുവിടുമൊരു നാളിൽ മലർമകൾമണവാളൻ
ഹരിയുമായ് ശയനീയമണഞ്ഞിടവേ;
ഇരുവരുമിരുവർതൻ തിരുവുടലൊളിയമൃ-
തിരുമിഴിമലർകൊണ്ടും നുകന്നിടവേ;
പരിമൃദുവിശറികൊണ്ടൊരുവയർ തെരുതെരെ-
പ്പരിമളച്ചെറുതെന്നലിളക്കിടവേ,
അണിയിളങ്കരതളിർത്തരിവളക്കിലുക്കത്തിൽ
മണിയറ മുഖരമായ് ചമഞ്ഞിടവേ;
ഓതി ചിരിച്ചൊരു വാക്യമോഷധീശമുഖിയാമ-
മ്മാതർകുലമണിയോടു മായാമനുഷ്യൻ.
"ദേവി! കേൾക്ക മനസിജദിഗ്വിജയപതാകികേ!
നീ വിദർഭഖനി പെററ ഹീരകമല്ലേ?
ആഴിചൂഴുമൂഴിവാഴുമായിരം പേർ നിൽക്കെ നീയി-
പ്പാഴിടയക്കുരങ്ങന്റെ ഭാര്യയായല്ലോ!
കാറെതിർമെയ്യുടയവൻ; കാലി മേച്ചു കിടന്നവൻ;
താറുമാറായ് നടന്നവൻ ശൈശവത്തിങ്കൽ;
ആയർകുലവധുക്കൾതന്നാടവാരിക്കളിച്ചവൻ;
മായകാട്ടിജ്ജനങ്ങളിൽ വ്യാമോഹം ചേർപ്പോൻ;

Digitized By Kerala Sahitya Akademi

മങ്കയേയും മാട്ടിനേയും മാമനേയും വധിച്ചവൻ;
വൻകടലിന്നകം വാഴും ദാശാർഹദാശൻ:—
ഔചിതിതൻ ഗന്ധമെങ്ങാണ്ടസ്മദീയദാമ്പത്യത്തിൽ?
രാജഹംസി ഭവതി; ഞാൻ കൂപമണ്ഡൂകം.
വേറെയൊരു ദയിതനെ സ്വീകരിക്കൂ; ജയിക്കട്ടെ
ചാരിതാർത്ഥ്യമിയന്നു നിൻ ദാമ്പത്യധർമ്മം."
ഈ മൊഴി—യല്ലിടിത്തീ—തൻ ഹൃത്തടത്തിന്നകം
[പാഞ്ഞു
കാമിനിയെക്കഥാശേഷകല്യാണയാക്കി.
തയ്യലിൻെറ കൈയിൽനിന്നു താലവൃന്തം തെറിക്കുന്നു;
മയ്യണിഞ്ഞ മിഴി നീരിൽ മഗ്നമാകുന്നു;
പൂമൃദുമെയ് വിറയ്ക്കുന്നു; പൂങ്കുഴൽക്കെട്ടഴിയുന്നു;
രോമകൂപപരമ്പര വിയർത്തിടുന്നു.
കണ്ണുമങ്ങിത്തലചുററിക്കണ്ണനുടെ കഴൽപ്പാട്ടിൽ
ദണ്ഡപാതം പതിക്കുന്നു ദീനയായ് ദേവി.
"തെററിയെൻെറ രുക്മിണി! നിൻ ദിവ്യത ഞാൻ
[ധരിച്ചീല
ചെററുപോലുമിത്രേവരെദ്ദൈവതമാനി!
വാമ്പലരിൽത്തടഞ്ഞാലും നൊന്തിടും നിൻ മൃദുമേനി;
ജാൽമവാക്യം ശ്രവിച്ചാലും വെന്തിടുമുള്ളം."

Digitized By Kerala Sahitya Akademi

ഏവമോതിട്ടയിതയെ ലബ്ധസംജ്ഞയാക്കി ദേവൻ.
കേവലമിസ്സതിയല്ലീ ഗേഹിനീരത്നം?

## IX.

അടുത്തുകാണ്കൊരു പട,മതിലുമുണ്ടരിയൊരു
മടുത്തുകംമൊഴിയാളും മനുജൻ താനും.
സുബലൻതന്നപത്യങ്ങളിരുവരു,മതിലേട്ടൻ
പ്രപഞ്ചത്തിൻ കലിവിത്താം ശകുനി ധൂർത്തൻ.
സുതശതജനയിത്രിയിളയവൾ മിഴിയറ്റ
ധൃതരാഷ്ട്രനൃപതിതൻ കുലവധൂടി.
ആരറിയില്ലാത്തതായി ശകുനിയെ?യവനത്രേ
കൌരവർതൻ കുലത്തിന്നു കണ്ടകോടാലി;
ഉള്ളങ്കാൽതൊട്ടുച്ചിയിലെ രോമംവരെച്ചതുർമ്മുഖൻ
കള്ളംകൊണ്ടു പണിചെയ്ത കാപഥഗാമി;
അമ്പു വില്ലിൽ ശത്രുവിന്റെ മുന്നിൽ നിന്നു തൊട്ടു-
[ക്കാത്തോ-
നൻപുവിട്ടു പാർഷ്ണിഗ്രാഹപ്രവൃത്തി ചെയ്യോൻ.
സൂതപുത്രൻ സ്വാമിഭക്തിപാരവശ്യംകൊണ്ടു കെട്ടാൻ;
ഭ്രാതൃസ്നേഹമൂർച്ഛകൊണ്ടു ദുശ്ശാസനനും;

Digitized By Kerala Sahitya Akademi

അമ്മട്ടല്ല മാതുലനാം സൌബലൻ പതകു തനാപചാരം;
നിർമ്മയൂഖമത്തമിസ്രം നീരന്ധ്രനീലം. ൧൩൦
മാമനാൽ തൻമരുമകൻ ജാല്മനായാൽ തൽകുടുംബം
നാമമാത്രശേഷമാവാൻ നാളെത്രവേണം!
ഹാ! കനത്ത തടക്ഷം താൻ തൻകഴുത്തിൽക്കരിങ്കല്ലായ്
നാഗകേതു കെട്ടിത്തൂക്കിക്കയത്തിൽത്താണു.

*     *     *     *     *     *

പാതിവ്രത്യപരിപൂതപ്പാൽപ്പയോധിപ്പൈതലെന്നായ്
ഖ്യാതി പെററാൾ തൽഭഗിനി ഗാന്ധാരീദേവി.
ഉത്തുപരിചയ്തുകൊണ്ടു നിഗ്രഹാനുഗ്രഹങ്ങൾക്കു
ശക്തയായാൾ തപസ്വിനി സൽപഥദീപം.
"അടിമലർ തുണയമ്മേ! യരികളെ വെന്നടിക്കുമാ-
റടർനിലം പൂകുമെന്നെയനുഗ്രഹിക്ക!" ൧൭൦
എന്നുചൊല്ലിക്കാഴ്ചൽ കൂപ്പും തൻസുതൻ സുയോധനനെ-
ക്കണ്ണുനീരാൽക്കാഴ്ചിവതും കഴുകി നോക്കി
"എങ്ങു ധർമ്മമങ്ങു ജയ, മെന്മകനേ! പരമേതു-
ണ്ടിങ്ങു നിന്നാൽ പ്രാർത്ഥ്യമെന്നാൽ ദേയമിതിങ്കൽ?"
എന്നുമാത്രമുരചെയ്തു യാത്രയാക്കി ഉഗ്രയായ്ഗ്ഗി
തൻ ദുഹിതാവിവളാദ്യം—തടംബെ പിന്നെ.

Digitized By Kerala Sahitya Akademi

കൂടയുദ്ധം ചെയ്തു കൊന്നാർ പാണ്ഡുപുത്രരവനെയെ-
ന്നാടൽപൂണ്ടു ധരിച്ചോരശ്വത്ഥാമപിതൻ നോട്ടം
ചരണങ്ങൾ പണിയുന്ന സമവർത്തിസുതൻതൻ കൈ-
വിരൽനഖങ്ങളിലാദ്യം പതിച്ചനേരം നവ്യ
അവ വെന്തു കരിയവേ,യലിവാൻ പിൻതിരിച്ചാ-
ളവൾ തൻതീക്കനൽമിഴിയവനിൽനിന്നും.
ഭാരതാജിനാടകത്തിൻ സൂത്രധാരൻ, പാർത്ഥസൂതൻ,
ഘോരദൈത്യകാളരാത്രി, ഗോവിന്ദമൂർത്തി;
ഭ്രാജമാനഭഗദത്തപാണിമുക്തവൈഷ്ണവാസ്ത്രം
വൈജയന്തീമാലയായ്ത്തൻമാറിൽ ധരിച്ചോൻ;
ധർമ്മസുതപക്ഷപാതി, ശൌരി തപ്തഹൃദയയാ-
മമ്മഹതിയരുളിന ശാപം നിമിത്തം
എയ്യുമൊരു പരഭങ്ഗമേശിടാത്ത തനിക്കന്തം
വ്യാധനെയ്ത കണകൊണ്ടു വന്നതു കണ്ടാൻ. നൻ
ആരു കാണ്മൂ സതീധർമ്മപാരിജാതദ്രുമഫല,-
മാരു കാണ്മൂ മഹാനസമഹഃപ്രഭാവം?

X

അവരെയൊഴു പടമിതാ! ഫാൺകതിലുമിരുപേരെ;
നാരിമുടിപ്പൂൺപൊരുവൾ; നരനപരൻ.

Digitized By Kerala Sahitya Akademi

മക്കളിവരിരുവരും മത്സ്യരാജ,നുത്തരാഖ്യ-
നഗ്രജന്മാ, വവരജയുത്തരാദേവി.
കീചകനാൽ ജയം നേടി മത്സ്യഭൂ,വക്കിതവന്നോ
കാശ്രു പോരും; കള്ള പോരും; കാമിനി പോരും.
പോർമിടുക്ക മകൻേറതെന്നോർത്തു മാനിച്ചവന്നേകി
ഭൂമിഞ്ജയനെന്ന നാമം ഭൂജഭവേന്ദ്രൻ.
നടവിടാഘടയുടെ നടുവിലപ്പടുവങ്കൻ
കടലാടി കണക്കൊട്ടു കഴിച്ചു കാലം.
ധൃഷ്ട്യ്തിയെന്നാനു മാമൻ, ദൂരെയൻ തൻേറ പുലി-
പ്പോയ്മുഖംപോയ് മരുമകൻ പൂച്ചയായ്ത്തീനു.
വൻപനാകും ത്രിഗർത്തേശൻ വൈരശുദ്ധിക്കണയവേ
തൻപടയോടെതിർത്തു പോയ്ത്താതനവനെ.
ആത്തരത്തിൽ വിരാടൻേറ ഗോധനത്തെ ഹരിക്കയായ്
ധാർത്തരാഷ്ട്രൻ സമസ്താഭിസാരസമ്പന്നൻ.
കുന്നുപോലെയുയൎന്നുള്ള കോട്ടമതിൽ ചുഴലുന്ന
മന്നനുടെയവരോധമാളികയ്ക്കുള്ളിൽ ൪൭൨
തൂണുചാരി,യൊരു മിഴി കതകിലു,മൊരു മിഴി
കാണികളാം കാന്തമാർതൻ മേലും, നടത്തി
തൻപൊടിമേൽമീശയിന്മേൽ കൈവിരൽകൾ ചരി-
പ്പൻപിലോരോ വീരവാദം വൈരാടി പേശി. [ട്ടിച്ചു

Digitized By Kerala Sahitya Akademi

പടയിലെപ്പ്രകാരത്തിൻ പകുതി കേൾക്കുകിൽപ്പോലും
തുടുതുള്ളുമവൻെറയത്തുനിവു കാൺകെ
അമ്മുറിക്കു പുതിയൊരു വെൺകളിച്ചാർത്തണിയിച്ചാൾ
തൻമുറുവൽനിലാവിനാലുത്തരാദേവി.

ആ രുരുനേർമിഴിയാൾതന്നഗ്രജനെത്തുണച്ചാൻ പോയ്
സാരഥിയായ് ബൃഹന്നള.സൌഹാർദ്ദനിഘ്നൻ.
ചാരവേ താൻ സാധു കണ്ടാൻ സാഗരത്തിൻ സമതയിൽ
വീരശൂരവിശിഷ്ടമാം വിപക്ഷസൈന്യം.
ശാന്തനവൻ ഭാരദ്വാജനശ്വത്ഥാമാവങ്ഗരാജൻ
ശാരദ്വതൻ സുയോധനൻ ദുശ്ശാസനാദ്യർ;
ഹസ്തികൾതൻ ബൃംഹിതങ്ങൾ; ഹയങ്ങൾതൻ ഹേ-
[ഷിതങ്ങൾ;
പത്തികൾതൻ ഭയങ്കരസിംഹനാദങ്ങൾ;
തേരുരുളുമൊലിയിടി; വാളുലയും പിളർമിന്നൽ;
ഘോരചാപനിര ശക്രം ക്രൂരമ്പുമാരി;

ആക്കമാരനവയെല്ലാമാദ്യമായ്ക്കണ്ടമ്പരന്നു
ശീഘ്രമായ്ത്തേർ തിരിക്കുവാൻ ജിഷ്ണുവോടോതി.
“മാനമില്ലേ നിനക്കെൻെറ മത്സ്യരാജകുമാര? നീ
ഭ്രനതാങ്ഗി പുണരുന്ന പുണ്യവാനല്ലേ?
ആണവാക്കു മറന്നു നീയാണത്തംവിട്ടങ്ങു ചെന്നാൽ
പാണികൊട്ടിച്ചിരിക്കില്ലേ ഭാമിനീലോകം?”

Digitized By Kerala Sahitya Akademi

എന്നുരയ്ക്കും സാരഥിയോടേവമവനോതി: "നിന-
ക്കെന്നെക്കൊല്ലിച്ചേ തീരുവേണമെൻ ബൃഹന്നളേ?
മാനമൊന്നുണ്ടുയരത്തിൽ; വാസവൻതൻ വാസഗേഹം;
മാനവൻ ഞാനിരിപ്പതോ മർത്ത്യലോകത്തിൽ.
ആരുവേണം ചിരിക്കട്ടെ; യാരുവേണം കരയട്ടെ;
ആരവരിൽ പ്രതിഭൂവെന്നായുസ്സിന്നാവോ?
ഈ നാളും ഭുജിച്ചില്ലേ ഗോരസം ഞാ, നിനിമേലും
ശുദ്ധജലം കുടിച്ചാലും ദോഷമെന്തുള്ളൂ?
മാടു വേണ്ടാ! വീടു വേണ്ടാ! നാടു വേണ്ടാ; നമുക്കൊന്നും
കൂടുവിടും പ്രാണനെക്കാൾ കൂടുതലല്ല.
ഭോഗ്യമായിട്ടെത്ര കൂട്ടം ഭുവിലുണ്ടു? നപുംസക-
മാക്കഥ നീയറിവോള,ല്ലാക്കിളുന്തു ചെയ്യാം?
ദൃഷ്യമി,ല്ലെൻ ജനിത്രിതൻ മുന്നിലെന്നെയണയ്ക്കൂ! ഞാൻ
കാശ്യപിതന്നഭിസാരം കാമിപ്പോനല്ല."
അപ്പോളോതി ധനഞ്ജയനാരുതാനെ,ന്നതു കേട്ടേ
യല്പമൊരു ഭയമവന്നകന്നതുള്ളൂ.
ആഹവത്തിലരിശ്രേണിക്കാകമാനം സവ്യസാചി
മോഹനാസ്ത്രം പ്രയോഗിച്ചു മൂർച്ഛ നല്കവേ
ഉത്തരമാം ക്ഷണത്തിങ്കലുത്തരൻ ചെന്നവരുടെ-
യുത്തരീയം കട്ടുകൊണ്ടാന്തർഹർഷിതത്തോടെ.

Digitized By Kerala Sahitya Akademi

*　　*　　*　　*　　*

അത്തരത്തിലൊരുവല്ലഭാങ്ഗനമാകുന്നിയലാ-
മുത്തര;യാവധൂടിതൻ ഗുരു കിരീടി.
ചൂതുകളിക്കാരനച്ഛൻ; ദുർവൃത്തക്കു തൊട്ടുകറി
മാതുലൻ; തദഭിമതധാത്രി ജനിത്രി;
വിഡ്ഢിയേട്ട;നിത്ഥമുള്ള തൽകുടുംബമരുവിങ്കൽ
സ്പഷ്ടമവളൊരുവരംതാൻ ശാദ്വലഭൂമി. ൪൯
നൃത്തഗീതകലകളിലഞ്ചുവർഷം വിജയനും
ചിത്രസേനമുഖർ ചെയ്ത ശിക്ഷാവിശേഷം
വേരിയൊളിമൊഴിയാളാമായവളിൽച്ചെന്നുചേർന്നു
ചാരിതാർത്ഥ്യമാർന്നു; മാത്സ്യം വാനമായ്ത്തീർന്നു.
വാസവൻതൻ പൌത്രനാകുമഭിമന്യുകുമാരനെ—
വാസുദേവഭഗവാൻതൻ മരുമകനെ—
മാലയിട്ടു മഹിതമാം മതിവംശം തഴപ്പിച്ചാ-
ളാ ലലനാമണി,യാർക്കുമാദരപാത്രം.

## XI

കാണുക നീയിനി വേറിട്ടൊരു പട,മിതിങ്കലും
മാനിനിമാർമണിയൊന്നു, മറെറാന്നു മർത്ത്യൻ. ൫൦

Digitized By Kerala Sahitya Akademi

ദിഷ്ടയമൻ ദ്രുപദൻതൻ മക്കളിവ,രതിലേട്ടൻ
ധൃഷ്ടദ്യുമ്നനിളയവൾ ദ്രൗപദീദേവി.
അഗ്ന്യുത്ഥാചീർണ്ണരാജതപഃഫലപരിണാമ;–
മഗ്നിവേശമഹർഷിതന്നഗ്ര്യശിഷ്യൻ,
ജാമദഗ്ന്യഭഗവാൻതന്നസ്ത്രധനദാനപാത്രം,
ചാപനിഗമാകൂപാരപാരാവാരീണൻ;
വീരലക്ഷ്മീസ്വയംഗ്രാഹപരിഷ്വംഗചരിതാർത്ഥൻ;
കൌരവർക്കും പാണ്ഡവർക്കും കളരിയാശാൻ;
ദ്രോണരുടെ രോമമാമഗ്ഘോരസിംഹസടതൊടാ–
നാണൊരുവനവനിയിലാരു പിറന്നു? ർവ്വം
ആരുമില്ലെന്നിരുന്നാലുമപ്പുമാൻതൻ വധത്തിന്നു
പോരുവോൻ താനെന്നുറച്ചു ഭോഷൻ പാഞ്ചാല്യൻ.
സ്വാർത്ഥമേ! നിൻ മറിമായമെന്തുചൊല്വൂ! വരുത്തീലേ
ഗ്ഗുരുദേവതയ്ക്കും സത്യഭംഗം നീ?
വില്ലുകൊണ്ടു ലഭിക്കുവാൻ വിഷമമാം വിജയത്തെ–
ക്കല്ലുവച്ചു കളവോതിക്കരസ്ഥമാക്കി
നാലുവിരലവനിയിൽ തൻപടത്തേരുരുൾ താഴ്ത്തി–
ക്കാലപുത്രൻ നിജഗുരുകാലനായ്ത്തീർന്നു. [ത്താ–
ധർമ്മജനിൽ വിശ്വാസത്താൽ—തനയനിൽ വാത്സല്യ–
ന്മഹാത്മാവശ്ശരത്തിലസ്തസത്വനായ്. ർന്നം

Digitized By Kerala Sahitya Akademi

സാദമററ യോഗയുക്തൻ തൽക്ഷണത്തിലക്കബിംബം
ഭേദനംചെയ്തതിൽ മിന്നി വേറിട്ടൊരക്കൻ.
തത്തടത്തിൽ കിടക്കുന്ന ജീവനററ തദപുസ്സി-
ലാത്തണ്ണത്തു കത്തിയോങ്ങിക്കഴുത്തുവെട്ടി,
അത്ഭുതമൊരു വിരുതിതിലില്ലെന്നിരുപാടും
പൊരുതുവോർ തെരുതെരെ വിലക്കിനില്ക്കെ,
ധൃഷ്ടദ്യുമ്നൻ ജിതകാശി തൃപ്തനായിത്തിരിച്ചെത്തി
പിഷ്ടപേഷകൃതകൃത്യൻ, ബീഭത്സവൃത്തൻ.
വൻപിനോടശ്ശവത്തിൻെറ മസ്തകത്തിൽക്കഴൽവെച്ചു
തൻപഴയ കുടിപ്പക വീട്ടിനാൻ ജാല്മൻ. ൭൦
കുററമല്ല കൊടുംക്രോധക്കോളിലുള്ളമുലഞ്ഞുല-
ഞ്ഞൊററക്കൈക്കു നടരാവിലാശുകല്പൻ
പാദതലാഘാതികൊണ്ടപ്പാതകിയെക്കൊലചെയ്യാൻ
വീതശങ്കമുറച്ചിതു വിഭ്രാന്തൻ ദ്രൗണി.
"അരുതിമ്മട്ടപചാരം; മവിട്ടന്നെൻ കഥയൊരു
കരുകൊണ്ടു കഴിക്കുവാൻ കനിയണമേ?"
എന്നിരന്നു കരയുന്ന പാഷതൻതൻ തനയനെ-
ത്തന്നുടയ കഴൽകൊണ്ടു ചവിട്ടി വീണ്ടും
"ഇല്ലയല്ലോ: ഗുരുദ്രോഹിക്കേതു ശസ്ത്രക്രിയകൊണ്ടും
നല്ലലോക"മെന്നു ചൊല്ലി ദ്രോണകുമാരൻ ൭൧

Digitized By Kerala Sahitya Akademi

ഉടനടിയടിച്ചിടിച്ചൊടിച്ചുടച്ചവന്റെ
തടി പൊടിതവിടാക്കിത്തകർത്തുവിട്ടു.

* * * *

പാണ്ഡവേയപതിപ്രാണ, ഭാരതീയപൌരുഷത്തിൻ-
താണ്ഡവക്കളത്തരംഗതാൻ ദ്രൌപദീദേവി;
പെൺവടിവിലാണ്മ വന്നു പൃഥിവിയിൽപ്പിറന്നതാ-
ണിമ്മഹിളാമണി, യതിന്നീഷലില്ലീഷൽ.
പഞ്ചപാഞ്ചജനങ്ങൾതൻ ഭാര്യയാകുന്നതിൽ ഭേദം
പഞ്ചശീർഷപന്നഗത്തിൻ പാണിപീഡനം.
ആക്കൊടിയ നിയതിതൻ ശോധനയിൽ ജയം നേടി
ശ്ലാഘ്യമായ്ത്തൻ ദാരധർമ്മം ചരിച്ചാൾ സാധ്വി. ഭവം
സാഹോദര്യം പാണ്ഡവർക്കും സുന്ദോപസുന്ദർക്കും തുല്യം;
ഗേഹിനിക്കും മോഹിനിക്കും മാത്രം വിശേഷം.
“മായയേതിൻ—മരുന്നേതിൻ—മന്ത്രമേതിൻ മഹിമ-
നീയടക്കിബ്ഭരിക്കുന്നു നിൻ പതികളെ?” [യാൽ
ശോഭനയാമവളോടിച്ചോദ്യമൊരുനാൾ തുടങ്ങി
രൂപവിഭ്രമമദമാർന്ന സത്രാജിൽപുത്രി.
അരിശത്തീയലിവുനീരിവ രണ്ടുമിടകല-
ർന്നരുളിന മിഴിക്കടയവളിൽച്ചാർത്തി

Digitized By Kerala Sahitya Akademi

ഓതിട്ടു ദേവി മൊഴിയേവം:"പാതിവ്രത്യമൊഴിഞ്ഞുണ്ടോ
ഭൂതലത്തിൽ വധുക്കൾക്കു പൂജ്യമാം വശ്യം? ഭദ്രേ
ദൈവതങ്ങളായ് നിനച്ചെൻ നാഥരെ ഞാൻ ഭജിക്കുന്നു;
ദേവതയായ് നിനച്ചവരെന്നെയും നിത്യം.
പാണിയോടു പാണി ചേർന്നാൽപ്പോരാ; ഹൃത്തു ഹൃത്തി-
[ നോടു
ചേണിയന്നു ചേരുകിൽത്താൻ ദമ്പതീഭാവം.
സത്യമാമസ്സംബന്ധത്തിൽ ശ്രദ്ധവയ്ക്ക സഹോദരി!
സത്യഭാമേ!—ചതുർവ്വർഗ്ഗസന്താനത്തിങ്കൽ."
ഭാരതപ്പോർ ജയിച്ചതു ഫല്ഗുനന്റെ ധനുസ്സല്ല;
മാരുതിതൻ മർമ്മഭിത്താം ഗദയുമല്ല;
ശൌരിയുടെ ചക്രമല്ലാ,സ്സാധ്വികൾക്കു മുടിപ്പൂൺ പാം
കാറൊളിവാർകുഴലിതൻ കൈശികഖഡ്ഗം! ഉർഗ്ഗ
ഹാ! ജഗതീധൂമകേതു നാഗകേതുവരൾച്ചെയ്ത
രാജസൂയജലാർദ്രമാം ദ്രൌപദീകേശം
എന്നു തൊട്ടു തളർന്നു,അന്നു വിട്ടു കൌരവരെ-
പ്പുണ്യലക്ഷ്മി; കടാക്ഷിച്ചു കാസരവാഹൻ.
അന്നഴിഞ്ഞ കബരിക്കു പിന്നെയെണ്ണത്തടവല്ല-
ക്കന്നരുടെ കലപ്പറ്റ കണ്ഠരക്തത്താൽ;
പൂഴിയിങ്കലിഴയുമാക്കാളഭോഗിയുടെ ഭുക്തി
പാഴനാമപ്പാതകിതൻ പ്രാണമരുത്താൽ.

Digitized By Kerala Sahitya Akademi

ആ വധുവിൻ തപശ്ശക്തിയാർക്കു വാഴ്ത്താം? വാസുദേവൻ
ഭാവശുദ്ധിയവർക്കെന്നും പ്രത്യക്ഷദാസൻ. ൭൦
തൻകുലമഴിക്കുവാൻ ധാർത്തരാഷ്ട്രൻ തുടങ്ങവേ
തന്തുവായശാലയായി ചൂതുമണ്ഡപം!
മുറ്റമവർക്കല്കിന്നു കുക്ഷിപൂർത്തി വരുത്തുവാൻ
വറവുചീരയിലയൊന്നിൻ വഴങ്ങൽ പോരും;
കൈക്കു കേറിപ്പിടിക്കുന്ന കാമുകനെപ്പതിപ്പിക്കാൻ
ദൃക്കിൽനിന്നു തെറിക്കുന്ന തീപ്പൊരി പോരും;
എപ്പോളെപ്പോൾ പ്രിയരുടെ ഹൃത്തിടിയു,മശിർമങ്ങു-
മപ്പോളപ്പോളുയിരേകാ തൻ കൈശികത്തിങ്കൽ
കടമിഴിമുനചേർത്ത മട്ടുമൊഴിയൊഴുക്കിനാൾ
ചുട്ടനിണമവരുടെ സിരകൾതോറും. ൭൫
ആയവർതന്നകക്കാമ്പിന്നാടൽകൊണ്ടൊരാട്ടലില്ല;
തീയിലുണ്ടോ കരുത്തതു വെയിലത്തു വാട്ടം?
ദുശ്ശളേശജടാസുരകീചകാദിശലഭങ്ങൾ-
ക്കശ്ശുതപ്രായതാക്കിയാഗ്നേയഹേതി.
ദുർന്നയനാം ദ്രോണപുത്രൻ കൂരിരുട്ടിൽ തച്ചുകൊന്ന
തന്നാരിയ കിടാങ്ങൾതൻ ശവങ്ങൾ കാൺകേ
കണ്ണുനീരിൽ കളിച്ചീല; കൈകൾ മാറത്തലച്ചീല;
തൊണ്ണകീറിക്കരഞ്ഞീലദ്ദൃഷ്ടാന്തമൂർത്തി.

Digitized By Kerala Sahitya Akademi

ഭീമനെത്തന്നന്തികത്തിലാനയിച്ചു ജഗതിക്കു
രോമഹർഷമരുളീടും വാക്കേവമോതി:— ൧൫൦
"അങ്ങു മരുൽസുതനെങ്കി,ലാജിവനസിംഹമെങ്കി,-
ലങ്ങയുടെ പാർഷതിതൻ വല്ലഭനെങ്കിൽ;
മത്തനയമാരകമാം മത്തമതംഗജത്തിൻെറ
മസ്തകസ്ഥമണി കുത്തിയടൎത്തു ശീഘ്രം
അഗ്രജൻെറ മുടിക്കണിയാക്കുക:—ഞാൻ കണ്ടിടട്ടേ
കൈക്കലാമോ പുതിയോരിക്കല്ഘോരപുഷ്പം?".
ഇത്തരത്തിലാക്കുരയ്ക്കാം? കൃഷ്ണ പുകപൊതിഞ്ഞതാം
ശുദ്ധശുചിമഹസ്സുതാൻ സൂക്ഷ്മമോപ്പോളം.
ആരു ചൊല്ലുമമ്മഹസ്സിന്നരണിയാം ഭരതാവി
ഭീരുവെന്നും ദീനയെന്നുമബലയെന്നും? ൧൬൦

## XII

(കേക.)

കണ്ടുവോ നീയിച്ചിത്രമോരോന്നും? ചാരെ നാകി-
ലുണ്ടെനിക്കേറെപ്പടം വേറെയും കാണിക്കുവാൻ.
പെൺകിടാങ്ങളിൽ പ്രീതിയെന്നമ്മയ്ക്കുണ്ടെന്നിനി-
ശ്ശങ്കിയാ,യ്ക്കതിന്നുള്ള സാക്ഷ്യമിച്ചിത്രാവലി.
ഇപ്പടങ്ങളിൽപ്പേർത്തും ജ്യേഷ്ഠരെപ്പശ്ചാൽകരി-
ച്ചത്ഭുതം! കനിഷ്ഠമാരാത്യന്തം വിളങ്ങുന്നു.

Digitized By Kerala Sahitya Akademi

ഏൻ പുരാണേതിഹാസദൃശ്യാസ്വാദനത്തിൽ
ജൃംഭിപ്പൂ നഞ്ഞായ്പ്പുമാ,നമൃതായ് വധൂടിയും.
കണ്ടേക്കാമങ്ങവശം മറുമട്ടിലും രേഖ;
രണ്ടിലും തമ്മിൽഭേദം നാരിയെന്നോർത്താൽ മതി.
ഭാരതം പണ്ടേ പരാശക്തിയിൽ പ്രതിഷ്ഠിതം;
ഭാരതം സ്ത്രീജാതിയിൽ ദേവതാബുദ്ധിവ്രതം.
സർവസൌഭാഗ്യദാത്രി ഞങ്ങൾക്കു ലക്ഷ്മീദേവി;
സർവവിദ്യാധിഷ്ഠാത്രി സംപ്രീതാ സരസ്വതി.
സൂക്തങ്ങൾദർശിച്ചവരിന്നാട്ടിൽ പണ്ടേതന്നെ
മൈക്കണ്ണാൾമണികളും പൂരുഷന്മാരെപ്പോലെ.
കാക്ഷീവാൻതൻപുത്രിയാം ഘോഷതൊട്ടേറെസ്ത്രീകൾ
വീക്ഷിച്ച മന്ത്രങ്ങൾതൻ വൈശിഷ്ട്യം വിശേഷോത്തരം.
ഗായത്രിക്കൊപ്പമില്ല ദേവത വേദങ്ങളി-
ലായവർക്കേതും പുംസ്ത്വമാപ്തന്മാർ കല്പിച്ചീല.
അക്കാലം വധൂടിമാർ നിശ്ശേഷമുപനയ-
സംസ്കാരവിശുദ്ധമാർ തത്സഗർഭ്യരെപ്പോലെ;
ശിഷ്ടയാം ശ്രുത്യംബയെസ്സേവിച്ച ഗുരുകുല-
ക്ലിഷ്ടമാർ തൽസീമന്തനൈപഥ്യസൈരന്ധ്രിമാർ.
ഗാർഗ്ഗിതന്നാധ്യാത്മികപ്രശ്നങ്ങൾ കേൾക്കെക്കേൾക്കെ-
ശ്ലാഘ്യനാം യാജ്ഞവല്ക്യൻ സന്തോഷബാഷ്പം വാ-
[ർത്താൻ.

Digitized By Kerala Sahitya Akademi

ഏതുമമ്മഹാനോടു വേറിട്ടൊന്നിരന്നീല
വേദാന്തവിത്തം വിട്ടു മൈത്രേയി തൽപ്രേയസി.
വിലവേററ തത്ത്വമണികൾ ജനകന്നു
സുലഭസുകൃതയാം സുലഭ സമർപ്പിച്ചാൾ. ൰൭
നന്മയിജ്ജഗത്തിന്നു നല്കിന ചിരന്തന-
ബ്രഹ്മവാദിനിമാരേ! നിങ്ങൾക്കു നമസ്കാരം.
കോമളക്കാൽത്താർകൊണ്ടു പാറയ്ക്കു ജീവൻ നല്കാൻ
രാമനു സാധിക്കുമോ രാമയല്ലതെന്നാകിൽ?
ആതിത്ഥ്യം സമ്പത്തെന്നു തോന്നിപോലവിടേയ്ക്കു
താപസി ശബരിതൻ പ്രാഭൃതം ഭക്ഷിക്കവേ.
ലാക്ഷയാൽ തീർത്താരില്ലം വിട്ടപ്പോൾക്കണ്ടോർ പാർത്ഥർ
രാക്ഷസന്മാരിൽപ്പോലും സ്ത്രീപുംസഗുണഭേദം.
ഭക്ഷിപ്പാൻ ഹിഡിംബനും രക്ഷിപ്പാൻ ഹിഡിംബയു-
മക്ഷികൾ ലക്ഷീഭവിച്ചാശ്ചര്യമവർക്കേകി. ൰൮
സിന്ധുരാജാഭിഭൂതൻ സഞ്ജയന്നുപദേശ-
മെന്തുതാൻ വിദുലാഖ്യ തന്മാതാവരുളീല!
തദ്വാക്യം സ്മരിക്കുകിലിപ്പോഴും മൃതപ്രായ-
നരനായി; ജിതൻ ജിഷ്ണു; സാധ്വസം ശശ്വദ്ധൈര്യം.
ഭാരതായോധനത്തിൻ പ്രാരംഭത്തിങ്കൽ കുന്തി
പൌരുഷം പാലിക്കുവാൻ പുത്രരോടരുൾചെയ്താൾ.

Digitized By Kerala Sahitya Akademi

വിശ്രുതൻ യുധിഷ്ഠിരൻ സമ്രാട്ടായ് വാഴുംനാളിൽ
ശ്വശ്രുവായ് ഗാന്ധാരിയെക്കല്പിച്ചുകാട്ടിൽപ്പോയാൾ.
ഭോഗത്തെ കാംക്ഷിപ്പീല സാധ്വിമാർ; പരാർത്ഥമാം
ത്യാഗംതാൻ തദ്ധർമ്മമെന്നോതിനാൾ സ്വചര്യയാൽ.
അപ്രമത്തമാർ സ്ത്രീകൾ; പൂരുഷന്മാരല്ലെന്നു
വിപ്രപത്ന്യനുഗ്രഹലീലയാൽ കാട്ടീ കൃഷ്ണൻ;
അന്തണരനൂചാനമാനികൾ; വിശപ്പോർക്കു
ബന്ധുക്കൾ ദയാർദ്രമാം ഹൃത്തെഴും തൽപത്നിമാർ.
ആയിരക്കണക്കിനുണ്ടിമ്മട്ടിലാഖ്യാനങ്ങൾ
മായമററസ്മദ്ദേശ്യമാഹാത്മ്യം സ്ഥാപിക്കുവാൻ.
ഞങ്ങൾക്കു മാതൃ,പ്രിയാ,സോദരീ, ദുഹിതാക്കൾ
മങ്ഗലപ്രതിപാദനോൽകകൾ മാർഗ്ഗോല്ക്കകൾ.
പ്രജ്ഞയും രസജ്ഞയും വാണിയും കവിതയും
വിജ്ഞന്മാർ സ്ത്രീരൂപത്തിൽ പണ്ടേക്കുപണ്ടേ കണ്ടാർ.
പ്രാസാദമെങ്കിൽ പുമാൻ ഭാമിനി മലർവാടി;
കാസാരമെങ്കിൽ പുമാൻ കാമിനി കല്ലോലിനി.
അർക്കനാണെങ്കിൽ പുമാൻ തൽപ്രഭയത്രേ വധു;
അഗ്നിയാണെങ്കിൽ പുമാൻ തച്ഛിഖയത്രേ വധു.
സ്കന്ധംതാൻ പുമാനെങ്കിൽച്ചെന്തളിർ വധു; പുമാൻ
ചെന്തളിരെങ്കിൽ വധു നന്മലർ—മണം—മധു.

Digitized By Kerala Sahitya Akademi

ചർമ്മവും രസനയും കണ്ഠവും മൂക്കുമായ്
നിർമ്മിച്ച ചതുർമ്മുഖൻ ചേതസ്സു കല്ലാക്കുമോ?
ആനനത്തിങ്കൽ വാഴും രോമങ്ങൾ പോലും ചൊല്വൂ
വാനരൻ പുമാനെന്നും ദേവത വധുവെന്നും. ൩൦
ചെയ്യുന്നു ധർമ്മം പുമാൻ സ്ത്രീവ്യക്തിപ്രമോദേച്ഛു;
ചെയ്യുന്നീലുപകാരം സ്ത്രീവ്യക്തിവ്യപാശ്രിതൻ.
അന്തർയ്യാമിക്കുപോലുമുൽപഥഭ്രാന്തന്മാരെ—
പ്പിന്തിരിപ്പിപ്പാൻ ലജ്ജാദൂതിതാനേകാലംബം.
ആരുതാൻ ത്രയീശങ്ഗസാധ്വിമാരല്ലാതെയി—
ബ്ഭാരതോർവ്വിയെസ്സാക്ഷാൽപ്പുണ്യഭൂവാക്കീടുവോർ?
മാനുഷനുയർച്ചയ്ക്കു മാർഗ്ഗമൊന്നുണ്ടെന്നാകിൽ
മാനിനിതാനമ്മാർഗ്ഗം; മറ്റൊന്നില്ലവനിയിൽ.
ദിഗ്ജയത്തിനായ് ദൈവം തന്ന വാൾകൊണ്ടങ്ങി—
[ങ്ങോ—
ങ്ങേൻ തന്നാത്മഹത്യചെയ്കിലാർക്കതിൻക്ഷതി? ൩൧
അഷ്ടസിദ്ധികൾ വാഴും യോഗിക്കും പ്രജ്ഞാനിധി—
കിട്ടുവോന്നല്ല നാരീസാഹായ്യം ലഭിക്കാഞ്ഞാൽ.
ഏതെല്ലാം പരിഷ്കാരമെത്രമേൽ വ്യാപിച്ചാലും
സ്ത്രീതന്നെ വഹിക്കണമമ്മഹാഭാരം—ഗർഭം.

Digitized By Kerala Sahitya Akademi

ഈററവുമനോവനുഭവിച്ചീടണം; ശിശുവിനെ-
പ്പോററണം സ്വാതന്ത്ര്യം തീരെ വിസ്മരിച്ചേകാഗ്രയായ്.
അമ്മഹായജ്ഞത്തിന്നു പൂരുഷനപ്രാപ്തനെ-
ന്നുണ്മയിൽ സ്രഷ്ടാവോർത്തു മാതൃത്വം സ്ത്രീക്കേകിനാൻ.
സത്യത്തിൽ തായെന്നൊരാശ്ശബ്ദമാമോങ്കാരത്തിൽ
'തത്ത്വമസ്യാ'ദിവാക്യം സർവ്വവും ലയിക്കുന്നു.
വസുധാവലയമേ! വധുവൊന്നിനാൽ താൻ നീ
മസൃണം; മനോഹരം; മഹിതം; മഹാമൂല്യം;
ആ മഹസ്സൊന്നില്ലെങ്കിലക്ഷണം സ്ഥൂലോപലം,
പാഴ്മണൽക്കാ,ടന്ധാന്ധ, ഘോരരൌരവഗർത്തം.
ബന്ധുക്കൾ മർത്ത്യന്നുണ്ടു രണ്ടുപേർ സംസാരത്തി,-
ലന്തരാത്മാവൊ,ന്നൊന്നു തൻ പ്രിയപ്രാണേശ്വരി.
അന്തരപൂരുഷനുമാവാത്തോരുപദേശം
കാന്ത നല്കുന്നു; കാന്തൻ കൈക്കൊണ്ടു നന്നാകുന്നു.
കാന്തോപദേശത്തെത്താൻ കാവ്യത്തിന്നുപമയായ്
സ്വാന്തത്തിൽ സമീക്ഷിച്ചാർ സാഹിതീവേധസ്സുകൾ.
ഐഹികം പാരത്രികം രണ്ടിന്നുമുതകുന്ന
ലോകത്തിൽ പൂരുഷന്നു കല്യാണി സധർമ്മിണി.
ഏതു രാക്ഷസൻ സ്ത്രീയാൽ ദേവനായ്ത്തീരുന്നതി-
ല്ലേതു താമ്രത്തെ സ്ത്രീകൾ തങ്കമായ്മാററിക്കൂടാ!

Digitized By Kerala Sahitya Akademi

ജന്മദാത്രികൾ സ്ത്രീകൾ; കർമ്മനേത്രികൾ സ്ത്രീകൾ,
ശർമ്മഹേതുക്കൾ സ്ത്രീകൾ; ധർമ്മസേതുക്കൾ സ്ത്രീകൾ;
നിങ്ങൾക്കെന്നാരാത്രികം ശക്തിരൂപിണികളേ!
നിങ്ങൾക്കെന്നാശീർവ്വാദം മുക്തിദായിനികളേ!

## XIII

ആചാരം, ധർമ്മം, ശൌചം, ശാന്തിയീ വിഷയങ്ങ-
ളാശാസ്യങ്ങളെന്നോർപ്പൂ ഭാരതമനാരതം.
കർമ്മശൃംഖലകളാൽ ബദ്ധമാം ലോകത്തിന്നു
ജന്മമോക്ഷത്തിൻ മാർഗ്ഗമെന്തെന്നു തിരയുന്നു.
കേവലം ധനം ഭോഗമീരണ്ടു ദൈവങ്ങളെ-
സ്സേവിച്ചു മത്താടുന്നൂ പാശ്ചാത്യമഹീതലം.
കൈവന്നതൊന്നും പോരാ; പിന്നെയും വേണം; മേന്മേ-
ലാവശ്യമേറുംതോറുമാനന്ദമതിന്നുള്ളിൽ!
വ്യാധിയെക്കൈക്കൊള്ളുന്നൂ, ഭേഷജം സേവിച്ചതു
ഭേദമാക്കുന്നൂ; വീണ്ടും തേടുന്നൂ ഗദാന്തരം.
ഭ്രാന്തിലക്കദ്ധ്വാവിൽസ്സഞ്ചരിപ്പവർക്കെങ്ങോ
ശാന്തിയെ—ശ്ശാശ്വൽസൌഖ്യദാത്രിയെ—ക്കാണ്മാൻ
[തരം?

Digitized By Kerala Sahitya Akademi

ഓതുന്നു ചിലർ നിത്യം ഭാരതം പരലോക-
പാഥേയത്തിന്നുവേണ്ടിപ്പട്ടിണികിടപ്പതായ്;
ഓതിടാമതിന്മട്ട വാരുണി തൻജന്മമ-
പ്പാഥേയസ്മൃതിവിട്ട ദീപാളികുളിപ്പതായ്.
ഐഹികാമുഷ്മികങ്ങളൊപ്പമായ് സാധിക്കുവാൻ
ദേഹിയെദ്ദേഹക്കൂട്ടിലിണക്കീ തണ്ടാർമകൻ.
ദേഹത്തെ സ്മരിപ്പീല ഭാരതം വേദംപോലെ;
ദേഹിയൊന്നുണ്ടെന്നതേ വാരുണി ചിന്തിപ്പീല.
വ്യക്തിയെപ്പൂഗത്തിങ്കൽ ഭാരതം ബന്ധിക്കുന്നു;
വ്യക്തിയെക്കാമചാരിയാക്കുന്നു ഹാ! വാരുണി.
മാനുഷൻ തുരങ്ഗമം; മാർഗ്ഗമോ നതോന്നതം;
വേണം തൽഗതിക്കൊപ്പം രശ്മിയും പ്രതോദവും.
സ്ത്രീകളെഗ്ഗർഹിക്കയോ ഭാരതം? ശിവ! ശിവ!
ലോകത്തിലെങ്ങാണിത്ര പാവനം സ്ത്രീസേവനം?
സ്ത്രീകളെദ്ദൈവങ്ങളായ് കല്പിച്ചു തദാസത്തി-
ന്നേകിനാർ സൽക്ഷേത്രങ്ങൾ പൂർവന്മാർ ഗൃഹാഖ്യങ്ങൾ.
നേരാരും ഗ്രഹിക്കാതെ തീർന്ന നാളവയ്ക്കുണ്ടായ്
കാരാഗാരത്തിൻ ഛായ കാലത്തിൻ വ്യത്യാസത്താൽ.
സ്ത്രീകൾതൻ സംശുദ്ധിയെത്തീവ്രമായ്പ്പാലിക്കുവാൻ
ലോകസംഗ്രഹോൽകരാം തദാശ്യർ തുടങ്ങവേ

Digitized By Kerala Sahitya Akademi

വാച്ച തൽപരാശ്രയം മേൽക്കുമേൽ വെളുക്കവാൻ
തേച്ചപ്പോൾപ്പറ്റിപ്പോയ പാണ്ടെന്ന്യേ മറെറാന്നല്ല.
ആയതിൻദോഷം കാണ്മൂ ഭാരതം പ്രസ്പഷ്ടമായ്;
ന്യായമാം പ്രതിക്രിയയ്ക്കാരംഭിക്കയും ചെയ്വൂ.
ഭാരതം തൽസ്ത്രീകളെക്കണ്ടത്ര നാണിക്കേണ്ട;
വാരുണി തൽസ്ത്രീകളെക്കണ്ടത്ര മദിക്കേണ്ട.
ഇന്നത്തെ സ്ഥാനം രണ്ടു ദിക്കിലും നന്നല്ലവ,-
ക്കൊന്നടുക്കളയെങ്കിൽ മറേറതു ക്രുത്തമ്പലം!
പാകശാലയും കൊള്ളാം; നൃത്തരംഗവും കൊള്ളാം;
പോകട്ടെ രണ്ടിങ്കലും തുല്യമായ് നതാംഗിമാർ. ശ്വ
ശഭ്രത്തിൽ കിടപ്പതുമഭ്രത്തിൽ പറപ്പതും
സർപ്പവും പതത്രിയും; മദ്ധ്യവർത്തിതാൻ മർത്ത്യൻ.
പ്രായമിപ്പൊഴും പാർത്താൽ ശൈശവം ലോകത്തിന്നു;
തീയിലോ വെള്ളത്തിലോ വീഴുകിൽ കണക്കല്ല.
ഭാരതം മാറീടുന്നു; മാറട്ടെ; പക്ഷേ തന്നി-
വാരുണീരൂപത്തെയെന്മാതാവു വരിപ്പീല;
ധർമ്മത്തെയർത്ഥത്തിന്നുമർത്ഥത്തെക്കാമത്തിന്നു-
മമ്മയേതാപത്തിലുമാഹുതി കഴിപ്പീല;
വസ്ത്രത്തെ മാറുംപോലെ വസ്ത്രദൻ ഭർത്താവിനെ
നിസ്ത്രപം പടുകാമം മാറുവാൻ കൊതിപ്പീല;

Digitized By Kerala Sahitya Akademi

സസ്യത്തിൻ ധർമ്മം ഭുക്തി, തിര്യക്കിൻ ധർമ്മം ഭോഗ-
മിസ്സത്യം കിനാവിലും ലേശവും മറപ്പീല;
മാനുഷനാത്മാവിനാൽ മാനുഷനെന്നുള്ളൊര-
ജ്ഞാനത്തെയാഴിക്കുള്ളിൽ തള്ളുവാൻ ത്വരിപ്പീല.
സ്വാതന്ത്ര്യമാകുന്നീല മര്യാദാവ്യതിക്രമം;
ഭൂതലം സ്വൈരിക്കുള്ളോരാഖേടവനമല്ല;
പാരിടം ചതുർവർഗ്ഗകേദാരം, സസ്യാഢ്യമായ്-
ത്തീരുവാൻ നിർബാധമാം നീരൊഴുക്കല്ലീ വേണ്ടൂ?
ഹേതുവില്ലാഞ്ഞാലുണ്ടോ വേനലിൽ ജലാഗമം?
സേതു പൊയ്കയോടു കല്യ പാഴ്മണൽത്തോണ്ടല്ലയോ?
വേലയാലഴകല്ലീ നേടുന്നു കടൽ? തള
കാലിന്നു കാന്തിക്കല്ലീ കാന്തമാരണിയുന്നു?
കഴലിൻ വളർച്ചയ്ക്കു സമമായ് മാറും പദ-
കടകം നിഗഡമല്ലതിനാൽ ക്ഷതിയില്ല.
പുരുഷനൊപ്പം സ്ത്രീയും സ്വാതന്ത്ര്യം കൈക്കൊള്ളട്ടെ;
പോരട്ടെ സീമാദരം രണ്ടു കൂട്ടരും സമം.
അമേരിക്കയുമമ്മയ്ക്കാചാര്യ തന്നേ; പക്ഷേ-
യമ്മയുമമേരിക്കയ്ക്കാചാര്യൈകാചാര്യതാൻ.
അമ്മയങ്ങളോടതാചാരങ്ങൾ ഗ്രഹിക്കട്ടേ;
ധർമ്മമോക്ഷങ്ങളിങ്ങേയ്ക്കാന്തിയും ജയിക്കട്ടെ.

സൈര

Digitized By Kerala Sahitya Akademi

അക്കൊള്ളുക്കൊട്ടുകയ്യും കാലമൊട്ടുടുക്കുന്നു;
നില്ക്കുകെൻവിമാതാവേ! നിന്മനം തെളിയട്ടെ.
വിസ്മേരയായും ഭൃശം വ്രീഡയ്ക്കു വശയായും
മിസ്മേയോമതാമ്മയിത്തന്തങ്ങളും ധരിക്കട്ടെ!”

* * * * *

വാക്യമിത്തരം ചൊല്ലി വണ്ണീന്ദ്രൻ മറയവേ-
യാക്കനീയസിയായ രാഷ്ട്രദേവത മേന്മേൽ
തൻ തന്തുഭവയുടെ ധാർഷ്ട്യത്തിൽത്താപംപൂണ്ടു
ഫന്തി പോയ്ച്ചേർന്നാൾ വീണ്ടുമാത്മീയധാമത്തിങ്കൽ.

* * * * *

റാൾഫ് വാർഡോ എമെഴ്സണും തോറോയും വില്യം [ജേംസ്
വാൾട്ട് ഫിററ്മാ, നെല്ലാഫീലർവിൽ കോക്സും, ഭവ- [തിയിൽ
ജാതരായ് ജയിച്ചില്ലേ? നവ്യാർദ്ധധാത്രീദേവി!
താദൃശം തന്മാഹാത്മ്യം മേൽക്കുമേൽ വർദ്ധിക്കട്ടെ.

ശുഭം ഭൂയാൽ

Digitized By Kerala Sahitya Akademi

# ടിപ്പണി

—:0:—

1. ക്ഷമ=ഭൂമി. ആജന്മാന്തം=മരിക്കുന്നതുവരെ. പരതന്ത്രകൾ=പരന്റെ രക്ഷയിൽ ജീവിക്കേണ്ടവർ. വരാകികൾ=അനുകമ്പയ്ക്ക് അർഹിക്കുന്നവർ. എങ്ങ്=എത്ര താഴത്തു കിടക്കുന്നു (എന്നു സാരം). സഹധർമ്മിണി=ഭർത്താവോടുകൂടി സകലധർമ്മങ്ങളേയും ചരിക്കുന്നവൾ. ഗൃഹമംഗലദേവത=ഗൃഹത്തിന്റെ ലക്ഷ്മീഭഗവതിയെപ്പോലെയുള്ളവൾ. സഹധർമ്മിണി, ഗൃഹലക്ഷ്മി എന്നും മററും ഭാരതീയസ്ത്രീകളെപ്പററി ചിലപ്പോൾ പറഞ്ഞുകേൾക്കാറുണ്ടെങ്കിലും ആ സ്ഥാനങ്ങൾ അവർ അർഹിക്കുന്നില്ല എന്നു താല്പര്യം. തനിക്കുന്നു=അതിനപ്പുറം പോകുന്നില്ല. നിന്നേയും സ്ത്രീകൾക്കു മാതാവെന്നു പറയുന്നതു ശരിയായിരിക്കുമോ? ഇല്ല. പുരുഷരൂപമായ പാദം ക്രമാധികമായി വീങ്ങിയും സ്ത്രീരൂപമായ പാദം ക്രമാധികമായി ശോഷിച്ചും കാണുന്ന നിനക്കു പുരോഗമനം ഒരു വഴിക്കും ശക്യമല്ല. അപഥം=ചീത്ത വഴി.

2. ഇക്കഷ്ടരോഗാൎത്ത=ഭാരതഭൂമിയുടെ സമ്പർക്കം ജനങ്ങളുടെ സംസ്കൃതബുദ്ധിക്കു വിഘാതമാകുമെന്ന് ആശയം. ദ്വിപാത്ത്=രണ്ടു കാലുള്ളതു്; സമീപകാലത്തു മാത്രം മൃഗത്വത്തിൽനിന്നു മനുഷ്യത്വത്തിൽ പ്രവേശിച്ചതെന്നു താല്പര്യം. മററു രാജ്യങ്ങളെ അപേക്ഷിച്ചു് ഒടുവിലാണല്ലോ അമേരിക്കയ്ക്കു നാഗരികത സിദ്ധിച്ചതു്. അമേരിക്കതൻ വിത്തു്=അമേരിക്കയുടെ സന്താനം. മേയോ=Mother India മുതലായി ഇൻഡ്യയുടെ അഭിമാനത്തെ ഭഞ്ജിക്കുന്ന ഗ്രന്ഥങ്ങൾ രചിച്ച മിസ് കാതറൈൻ മേയോ എന്ന മദാമ്മ. മൊഴിയമ്പുകൾ=വാക്കുകളാകുന്ന ശരങ്ങൾ. പൂമ്പാററകൾ ക്ഷണനേരം മാത്രം പുഷ്പങ്ങളെ സ്പർശിക്കുന്നതുപോലെ ഏതദ്ദേശസഞ്ചാരം ചെയ്യുന്ന [illegible]മ്മമാർ ഏതാനും ദിവസങ്ങൾ മാത്രം ഒരു രാജ്യത്തിൽ താമസി[illegible]ിനെപ്പററി ഗുണ

Digitized By Kerala Sahitya Akademi

മോക്ഷവിവേചനം ചെയ്യാൻ ഒരുമ്പെടുന്നു. [illegible]=പുരാതനകാലത്തിനു മുമ്പുതന്നെ നാഗരികത സിദ്ധിച്ചവരെന്നു താൽപര്യം. മുഗ്ദ്ധ=വിവേചനത്തിനുള്ള പ്രായമാകാത്തവൾ; ബുദ്ധിഹീന.

3. വിവർത്തം=ആകൃതിഭേദം. വിഘടിതം=അന്യോന്യം (മാത്രം) സ്പർശിച്ചു നിൽക്കുന്നത്. വാച്യം=ആക്ഷേപാർഹം. അമേരിക്കയിലും തന്നെ അനേകം കറവും കറവുമുണ്ടെന്നും മിസ് മേയോ തന്റെ മാർജ്ജനി കൈയിലെടുത്ത് അവിടം ശുദ്ധിവൃത്തിയാക്കിയാൽ മതി എന്നും താൽപര്യം. ലോഷ്ടം=മൺകട്ട. അശ്മം=കല്ല്. ജാംബൂനദം=സ്വർണ്ണം. അരയന്നപ്പെൺപൈതൽ=സത്യവതി. നാന്മറകൾ=നാലു വേദങ്ങൾ. മഹാഭാഗൻ=വിശ്രുതൻ; അതിഭാഗ്യശാലി.

4. ശുകഗുരു=ശുകബ്രഹ്മർഷിയുടെ പിതാവ്. അഷ്ടാദശപുരാണങ്ങളുടെ നിർമ്മാതാവു വേദവ്യാസനെന്നും അദ്ദേഹം ചിരഞ്ജീവിയെന്നും ഐതിഹ്യം. ഘനാഘനം=മഴപെയ്യുന്ന മേഘം. വേദവ്യാസന്റെ നിറം കൃഷ്ണമാകുന്നു. സംസാരമാകുന്ന (പാരാവാര) സമുദ്രത്തിന്റെ (പാരീണൻ) മറുകര എത്തിയവൻ. രാജഹംസാധിരൂഢൻ (ഹംസവാഹൻ) ആയ ബ്രഹ്മാവിന്റെ (അംഗന) പത്നിയായ സരസ്വതീദേവിയുടെ പാദസേവകൻ. കവിയെന്നു സാരം. കൃൽസ്നം=സമഗ്രം. ആ ദിക്ക്=ആ പ്രദേശം. നീഹാരം=മഞ്ഞ്. ഹിമവൽപർവ്വതത്തിലെ മഞ്ഞ് ഉരുകി ആവിയാകത്തക്കവണ്ണം മാതൃഭൂമിയുടെ നെടുവീർപ്പ് അത്രമാത്രം സന്തപ്തമായിരുന്നു എന്നു ഭാവം.

5. നിർവികല്പസമാധിയിൽ ജ്ഞാതൃജ്ഞാനാദിവികല്പങ്ങൾക്കു സ്ഥാനമില്ല. ആധ്മാത=ഞെളിഞ്ഞവൾ എന്നു സാരം. സച്ചരാചരങ്ങൾക്കും സൌഭ്രാത്രമുപദേശിക്കുന്ന ആചാര്യൻ. വിമാതാവ്=ചിറ്റമ്മ. അവഗുണ്ഠനം=മറത്തുണി. മക്കളോ മകളരോ=ആൺമക്കളോ പെൺമക്കളോ.

Digitized By Kerala Sahitya Akademi

6. ആലേഖ്യം=ചിത്രം. മാമലകൾക്കരചൻ=ഹിമവാൻ. പർവ്വതങ്ങളുടെ പക്ഷച്ഛേദത്തിനായി ദേവേന്ദ്രൻ വന്നപ്പോൾ മൈനാകം മാത്രം ഓടി സമുദ്രത്തിൽ ചെന്നൊളിച്ചു എന്ന പുരാണകഥ. കുലിശം=വജ്രായുധം. സപ്തസപ്തി=ആദിത്യൻ. യുദ്ധത്തിൽ മരിക്കുന്നവർ സൂര്യമണ്ഡലത്തെ പ്രാപിക്കുന്നു എന്ന് ആപ്തവാക്യം. മഹീഭൃത്ത്=രാജാവെന്നും പർവ്വതമെന്നും. ചിറക് ലഭിക്കുകയാൽ മാത്രം ചരിതാർത്ഥനായവൻ. ജലപതി=വരുണനെന്നും ജലപ്രമാണിയെന്നും. അവനതശിരസ്സ്=കുനിച്ച് തലയോടുകൂടിയത്.

7. അപർണ്ണ=പാർവ്വതി. തനുമദം=ശരീരഗർവ്വം. അനുകൻ=കാമുകൻ; നായകൻ. ജഗജ്ജനിത്രി=ലോകമാതാവ്. തന്മനഃസ്ഥൈര്യം=അവളുടെ മനസ്സിന്റെ സ്ഥിരത. ശൈലരാജാവിന്റെ പുത്രിയുടെ ഹൃദയം സ്ഥിരമായിരിക്കുമെന്ന ശിവൻ അനുമാനിക്കാത്തത് ആശ്ചര്യമെന്ന താൽപര്യം. ആത്മശുല്കീഭവിപ്പിക്കുക=തന്നെ കന്യാശുല്കമാക്കുക. അന്തഃകരണമാകുന്ന വേദിയിൽ പ്രതിഷ്ഠിതമാകുന്ന സാക്ഷാൽ പ്രേമമാകുന്ന ദിവ്യജ്യോതിസ്സ്. പ്രേമാഭാസമാകുന്ന ശരീരോപഭോഗകാംക്ഷ; അതു കേവലം മാംസത്തിലുള്ള ആശയാകുന്നു.

8. ഉൽപാതകേതു=ധൂമകേതു. സത്യഭാമാസമേതനായാണ് ഭഗവാൻ ശ്രീകൃഷ്ണൻ നരകാസുരനെ വധിച്ചത്. ഭാഗവതം ദശമസ്കന്ധം ൫൯-ാമദ്ധ്യായം നോക്കുക.

9. ജഗതി=ഭൂമി. ഭൂമിയുടെ വിശിഷ്ടസന്താനമായി നാം ഇന്നും വ്യവഹരിക്കുന്നതു സീതയെയാണല്ലോ. കായസാദം=ശരീരത്തിന്റെ തളർച്ച. ധാമം=ഗൃഹം. പ്രേമസാന്ദ്ര=പ്രേമത്തിൽ നല്ലപോലെ [illegible]ച്ചെല്ലുന്നവൾ. രുജ=ദുഃഖം. പ്രേമമാകുന്ന രത്നരഥം പുഷ്പകവിമാനത്തെക്കാൾ അവൾക്കു മനോഹരമാണ്. സാരസനിഷ്യന്ദിനി=കമലാലയ; ലക്ഷ്മീദേവി. സ്വപ്നത്തിൽ ഭർത്താവിന്റെ ഭാഗ്യലക്ഷ്മീദേവിയുടെ ഛായാപത്നി മാത്രമാണ്. കദനം=ദുഃഖം.

Digitized By Kerala Sahitya Akademi

10. യാതന=തീവ്രമായ വേദന. തന്ത്രം=കുപ്പായം. ക്ഷോദിതം=ഞെരുക്കപ്പെട്ടവലം. ചന്ദ്രഹാസം വാഴനാരുപോലെ നിസ്സാരമായി തോന്നി. മാമല=ഇവിടെ കൈലാസം. രാവണനെന്ന ശബ്ദം കേട്ടാൽ സ്ത്രീകൾക്കു ഗർഭം അലസിപ്പോകത്തക്കവണ്ണം അവൻ അത്ര ഭയങ്കരനായിരുന്നു. ശ്രീരാമനെ ശംബൂകവധം മുതലായ ഘട്ടങ്ങളിൽ കേവലം ഒരു ക്ഷത്രിയധർമ്മത്തെ അനുവർത്തിക്കുന്ന ഒരു രാജാവായും, ബാലിവധം, സീതാപരിത്യാഗം മുതലായ ഘട്ടങ്ങളിൽ തന്റെ ജയം, തന്റെ യശസ്സ് ഇവയെ മാത്രം ആഗ്രഹിക്കുന്ന ഒരു സാധാരണമനുഷ്യനായും നാം കാണുന്നു; സൂര്യബിംബത്തിലും അനേകം കറുത്ത അങ്കങ്ങൾ ഉള്ളതായി ശാസ്ത്രജ്ഞന്മാർ കണ്ടുപിടിച്ചിരിക്കുന്നു. എരികനലിലകുന്ന പൊന്നശോകത്തോപ്പ് = രണ്ടാമത്തെ അശോകവനം എന്നു് ഉല്ലേഖം.

11. ഉഗ്രസേനൻ, ദേവകൻ ഈ സോദരന്മാർക്കു യഥാക്രമം കംസനും ദേവകിയും അപത്യങ്ങളായി ജനിച്ചു. "ഉഗ്രസേനസുതഃ കംസഃ സ്വസാരം പ്രിയചികീർഷയാ" എന്നു ഭാഗവതം. അറം=ധർമ്മം. നെറി=നീതി. വിശൃംഖലം=സ്വതന്ത്രം. വിസ്തൃതം=സർവ്വവ്യാപിതം.

12. പിതൃപതി=യമൻ. നിയതി=ദൈവം. കംസന്റെ അപ്പോഴത്തെ അവസ്ഥയ്ക്കു മരുമകനായ കൃഷ്ണൻ നല്കിയ വധം ഒരു മോചനമായിട്ടാണു് പരിണമിച്ചതു്; വാസ്തവത്തിലും അതു കംസനു മോക്ഷമായിരുന്നു. "തദേവ രൂപം ദുരവാപമാപ" എന്നു ഭാഗവതം. അസുകരം=ഭീകരൻ. ഭൂവപുസ്സ്=ഭൂമിയുടെ ശരീരം.

13. ശ്രീകൃഷ്ണൻ ജനിച്ചതു കാരാഗൃഹത്തിൽ; സ്തന്യപാനത്തിനു കിട്ടിയതു് പൂതനയുടെ വിഷം; വളർന്നതു മാതാപിതാക്കന്മാരില്ലാത്ത വീട്ടിൽ. മർത്ത്യപാംസർ=കഠിനരായ മനുഷ്യർ. ജിഘാംസുക്കൾ=ഹനിക്കുവാൻ ആഗ്രഹിക്കുന്നവർ. മാട്=ധേനുകാസുരൻ. മാരുതൻ=തൃണാവർത്തൻ. ഇടവാവു ഗോക്കളെ വലച്ചു. ദേവേന്ദ്രൻ ഗോവർദ്ധനയാഗ

Digitized By Kerala Sahitya Akademi

ത്തിൽ കോപിച്ചു. മഖം=ഇവിടെ രാജസൂയയാഗം. "കൃഷ്ണഃ പാദാവനേജനേ" എന്നു മഹാഭാരതം. ഭക്തൻ=ഇവിടെ അൎജ്ജുനൻ. അൎജ്ജുനനു ഭാരതയുദ്ധത്തിൽ ഭഗവാൻ സാരഥിയായി. സതി=ഇവിടെ പാഞ്ചാലി. കൃപണൻ=ദരിദ്രൻ; ഇവിടെ കുചേലൻ. ദിവ്യഗാനം=ഭഗവദ്ഗീത. ദരികൾ=ഗുഹകൾ. നാലു വേദങ്ങളാകുന്ന ക്ഷീരം മഥനം ചെയ്തു് അതിൽനിന്നെടുത്ത വെണ്ണ.

14. ൭൦൦ കല്പടവു്=൭൦൦ ശ്ലോകങ്ങളുള്ള ഭഗവദ്ഗീതയിലെ ഓരോ ശ്ലോകവും സ്വൎഗ്ഗതിക്കുള്ള സോപാനമെന്നു സാരം. ആൎയ്യഭൂമി=ഭാരതഭൂമി. ആയുഗാന്തം=യുഗാവസാനംവരെ. ഇഹം=ഇഹലോകം. ദ്രൗണി=ദ്രോണാചാൎയ്യരുടെ പുത്രൻ; അശ്വത്ഥാമാവു്. അശ്വത്ഥാമാവും അദ്ദേഹത്തിന്റെ അസ്ത്രജ്വാലയും പരീക്ഷിത്തിന്റെ അകാലമൃത്യുവും അവിടെ അദൃശ്യതയെ പ്രാപിച്ചു. ഗോമായു=കുറുക്കൻ; വഞ്ചകൻ എന്നു താൽപൎയ്യം. ആനൃശംസ്യം=അനുകമ്പ.

15. കുംഭിനി=ഭൂമി. എങ്ങനെ ഭഗവാൻ കംസന്റെ സൈരന്ധ്രിയുടെ കൂനു നിവിൎത്തുന്നുവോ അതുപോലെ ഈ ഭൂമിയുടേയും വളവുകൾ നിവിൎക്കും. കാലാന്തരത്തിൽ അവിടുത്തെ ഗീതോപദേശം ഭൂമിയെ സ്വൎഗ്ഗതുല്യമാക്കുമെന്നു താൽപൎയ്യം. മുത്തു്=ഇവിടെ വസുദേവൻ. ശുക്തിക=ഇവിടെ ദേവകി. ഗോമാതാവു്=ഗോവാകുന്ന മാതാവു്. ഗീതയുടെ അച്ഛന്റെ അമ്മയാണല്ലോ ദേവകി. കുണ്ഡിനം=വിദൎഭരാജ്യത്തിന്റെ രാജധാനി. ദാമഘോഷി=ദമഘോഷന്റെ പുത്രൻ. ദമഘോഷൻ ചേദിരാജ്യത്തിലെ രാജാവു്. ദമഘോഷന്റെ പത്നി വസുദേവന്റെ സഹോദരിയായിരുന്നു. ക്ഷാരം=ഉപ്പുള്ളതു്. തൃഷ്ണ=അത്യന്തമായ അഭിനിവേശം.

16. കണ്ഠപാശം=ഇവിടെ കല്യാണമാല. പൂണൂൽക്കാരൻ=വിപ്രൻ. "വിചിന്ത്യാപ്തം ദ്വിജം കഞ്ചിൽ കൃഷ്ണായ പ്രാഹിണോദ്

Digitized By Kerala Sahitya Akademi

ദ്ധതം" എന്നു ഭാഗവതം. കാണികളുടെ കണ്ണുകളേയും രുക്മിണിയേയും ഭഗവാൻ കട്ടു. ചൈദ്യൻ=ചേദിയിങ്കൽ ജനിച്ചവൻ; ശിശുപാലൻ. ആദ്യം തയിർ, പാല്, വെണ്ണ മുതലായതും പിന്നീടു ഗോപസ്ത്രീകളുടെ വസ്ത്രവും പിന്നീടു രാജസ്ത്രീയേയും മോഷ്ടിക്കുന്ന ഇവൻ! നാളീകം=ബാണം. നമ്മരീതി=ക്രീഡിക്കുന്ന മാതിരിയിൽ. കുണ്ഡിനത്തിൽ പ്രവേശിക്കാതെ വെളിയിൽ ഭോജകടം എന്നൊരു പുരം തീർത്തു് അതിൽ രുക്മി താമസിച്ചു. ദൈവം അവനെ തോല്പിച്ചു; അവൻ രാജധാനിയിൽ പ്രവേശിച്ചുമില്ല.

17. രുക്മവതിയെന്നാണു് രുക്മിയുടെ പുത്രിയുടെ പേർ. അവളുടെ പുത്രനാണു് അനിരുദ്ധൻ. നിഷ്കൃതി=ബന്ധമോചനത്തിനുള്ള ദ്രവ്യം. നിഷ്കൃതിപദം സ്ത്രീലിംഗമാണു്. മുസലി=ബലഭദ്രൻ. അനിരുദ്ധൻ രുക്മിയുടെ പൌത്രിയായ രോചനയെ വിവാഹംചെയ്ത അവസരത്തിലാണു് ഈ ചൂതുകളി ഉണ്ടായതും രുക്മി വ്യാജം പറഞ്ഞതും. രുക്മിയുടെ പുത്രി ചന്ദ്രസേനയെന്നും പൌത്രി രുക്മവതിയെന്നും ഹരിവംശം. ഈറ=കോപം. ലോലം=ഇളകുന്നതു്. മാരണവാൾ=വധത്തിനുള്ള ഖഡ്ഗം. തന്റെ നാക്കു തന്നെ രുക്മിക്കു മരണഹേതുകമായിത്തീർന്നു. ശീലമലർമാലിക=ശീലമാകുന്ന പൂമാല. യുദ്ധഭൂമിയിൽ പോയി യുദ്ധം ചെയ്യാനും പാരിജാതം ഹരിക്കുവാനും സത്യഭാമയെപ്പോലെ രുക്മിണിക്കു് ആഗ്രഹമില്ല. കവിതയ്ക്കും ഉപനിഷത്തിനും തമ്മിലുള്ള ഭേദം അവർക്കു തമ്മിലുണ്ടു്.

18. ഇവിടെ വർണ്ണിക്കുന്ന കഥ ദശമസ്കന്ധം ൬൦-ാമദ്ധ്യായത്തിലുള്ളതാണു്. മാതർ=സ്ത്രീകൾ. ഖനി=ആകരം. ഹീരകം=വജ്രം.

19. മങ്ക=ഇവിടെ പൂതന. ദാശാർഹദാശൻ=ദാശാർഹനാകുന്ന ദാശൻ. ദാശാർഹന്റെ വംശത്തിൽ ജനിക്കുകയാൽ ഭഗവാനു് ദാശാർഹൻ എന്നു പേരു സിദ്ധിച്ചു. ദാശൻ=മുക്കുവൻ. ദാശന്മാർക്കു് അർഹനായ ദാശൻ എന്നും അർത്ഥം. അതുകൊണ്ടാണല്ലോ സമുദ്രമദ്ധ്യത്തിലെ

Digitized By Kerala Sahitya Akademi

ളള ദ്വാരകയിൽ താമസിക്കേണ്ടിവന്നതു്. ഔചിതി=ഔചിത്യം. കൂപമണ്ഡൂകം=കിണററിലെ തവള. കഥാശേഷകല്യാണ=നഷ്ടമംഗല. ഝന്ധപാതം=ചാടി വീഴുന്നതുപോലെ. ദൈവതമാനി=ദേവനെന്നു വൃഥാ അഭിമാനിക്കുന്നവൻ.

20. ലബ്ധസംജ്ഞ=ബോധം വന്നവൻ. സുബലൻ=ഗാന്ധാരിയുടെ അച്ഛനായ ഗാന്ധാരരാജാവു്. ധൂർത്തൻ=ചൂതുകളിക്കാരൻ. ആതതായി=മഹാപാപകർമ്മം ചെയ്യുന്നവൻ. പാർഷ്ണിഗ്രാഹൻ=പിൻപിൽ പോയി ശത്രുക്കളോടു യുദ്ധം ചെയ്യുന്നവൻ. 'പൃഷ്ഠതോ ഹന്മി പാണ്ഡവാൻ' എന്നു ശല്യപർവ്വത്തിൽ ശകുനി പറയുന്നു. സ്വാമി=ഇവിടെ സുയോധനൻ. മൂർദ്ധ=ആധിക്യം.

21. നിർമ്മയൂഖം=കിരണസ്പർശമില്ലാത്തതു്. തമിസ്രം=ഇരുട്ടു്. നീരന്ധ്രനീലം=ആകമാനം കറുത്തതു്. ജാല്മൻ=തെമ്മാടി. തദക്ഷം=അവന്റെ ചൂഷിണി. നാഗകേതു=സർപ്പം കൊടിയടയാളമായുള്ള സുയോധനൻ. കയം=ഒടുവിൽ കുരുക്ഷേത്രത്തിലെ ഒരു മഹാഹ്രദത്തിലാണല്ലോ സുയോധനൻ ചെന്നൊളിച്ചതു്. എങ്ങു ധർമ്മമങ്ങു ജയം="യതോധർമ്മസ്തതോജയഃ" എന്നു ഭാരതം. ദുഹിതാവു്=പുത്രി. അംബ=മാതാവു്.

22. കൂടയുദ്ധം=കള്ളപ്പോർ. സമവർത്തി=ധർമ്മരാജാവു്. ഗാന്ധാരിയെ യുധിഷ്ഠിരൻ നമസ്കരിച്ചു എന്നും ഗാന്ധാരിയുടെ കണ്ണിലെ ക്രോധാഗ്നി തട്ടിയ അദ്ദേഹത്തിന്റെ കൈവിരലുകളിലെ നഖങ്ങൾ ഉടൻ കരിഞ്ഞുപോയി എന്നും പിന്നീടു് അദ്ദേഹം 'കുനഖനായാണു്' ജീവിച്ചതു് എന്നും സ്ത്രീപർവ്വത്തിൽ "അംഗുല്യഗ്രാണി ദദൃശേ ദേവീ പട്ടാന്തരേണ സാ തതസ്സ കുനഖീഭൂതോ ദർശനീയനഖോ നൃപഃ." ഭഗദത്തന്റെ പാണിയിൽനിന്നു വരുന്നതും ശോഭിക്കുന്നതുമായ വൈഷ്ണവാസ്ത്രം വൈജയന്തി എന്ന മാലയായി ഭഗവാൻ മാറിൽ ധരിച്ചു എന്നു ദ്രോണപർവ്വത്തിൽ. ശൗരി=ശ്രീകൃഷ്ണൻ. പരഭംഗം=അന്യനിൽനിന്നു പരാജയം. ഒടുവിൽ 'ജരാ' എന്ന വ്യാധന്റെ അമ്പു കാലിൽ

Digitized By Kerala Sahitya Akademi

കൊണ്ടാണല്ലോ ഭഗവാൻ സ്വർഗ്ഗാരോഹണം ചെയ്യുന്നതു്. അതു ഗാന്ധാരി "മൂന്നു കൊല്ലം കഴിഞ്ഞാൽ അങ്ങേക്കുടുംബവും ഇതുപോലെ നശിക്കട്ടെ" എന്നു ഭഗവാനെ ശപിക്കുകനിമിത്തമാണു്. മഹാനസമഹസ്സ്=അടുക്കളയിലെ തേജസ്സ്.

23. അവരജ=ഇളയസഹോദരി. ഭൂമിഞ്ജയനെന്നു് ഉത്തരന്നു് ഒരു ബിരുദപ്പേർ അച്ഛൻ കൊടുത്തു; ഭൂമിയെ ജയിക്കുന്നവൻ എന്നർത്ഥം. ഘട=കൂട്ടം. ത്രിഗർത്തേശൻ=ത്രിഗർത്തരാജാവായ സുശർമ്മാവു്. വൈരശുദ്ധി=വൈരനിര്യാതനം. ത്രിഗർത്തന്മാരെ കീചകൻ വിരാടരാജാവിനു വേണ്ടി കൊന്നിരുന്നു. 'കുലവൈരിണഃ' എന്നു ക്ഷേമേന്ദ്രൻ ഭാരതമഞ്ജരിയിൽ. താതൻ=വിരാടരാജാവു്. അഭിസാരസമ്പന്നൻ=ആക്രമണത്തിനുള്ള സാമഗ്രിയോടുകൂടിയവൻ.

24. പടയെന്ന 'പദത്തിലെ പകാരത്തിന്റെ പകുതി കേട്ടാൽ പോലും ഉത്തരൻ പേടിച്ചു വിറയ്ക്കും. മുരവൽ=പുഞ്ചിരി. രുരു=കൃഷ്ണമൃഗം. നിഘ്നൻ=വശംവദൻ. സാഗരത്തിൻ സമതയിൽ=സമുദ്രസമമായി. ശാന്തനവൻ=ശാന്തനുവിന്റെ പുത്രൻ; ഭീഷ്മർ. ഭാരദ്വാജൻ=ഭരദ്വാജന്റെ പുത്രൻ; ദ്രോണർ. അംഗരാജൻ=കർണ്ണൻ. ശാരദ്വതൻ=ശരദ്വാന്റെ പുത്രൻ; കൃപാചാര്യർ. ഹസ്തി=ആന. പത്തി=കാലാൾ.

25. പ്രതിഭൂവു്=ജാമ്യക്കാരൻ. കാശ്യപിതന്നഭിസാരം കാമിക്കുക=ഭൂമിയെ ബലാൽക്കാരേണ പോയി പുണരുക; അപമൃത്യുവിനെ വരിക്കുക. ഉത്തരം=പിന്നീടുള്ളതു്.

26. ചിത്രസേനൻ അഞ്ചുവർഷം അർജ്ജുനനെ നൃത്തഗീതങ്ങൾ പഠിപ്പിച്ചു എന്നു് ആരണ്യപർവ്വത്തിൽ. വേരി=തേൻ. മതി=ചന്ദ്രൻ.

27. ദ്വിഷദ്യമൻ=ശത്രുക്കൾക്കു കാലൻ. ഭരദ്വാജമഹർഷിയുടേയും ഘൃതാചി എന്ന അപ്സരസ്ത്രീയുടേയും പുത്രനാണു് ദ്രോണാചാര്യർ. അഗ്നിവേശമഹർഷിയിൽനിന്നു് ആയുധവിദ്യയും പരശുരാ

Digitized By Kerala Sahitya Akademi

മനിൽനിന്ന് അസ്ത്രസമ്പത്തും ദ്രോണന്ന് ലബ്ധമായി. ചാപനിഗമ......
പരീണൻ=ധനുർവ്വേദമാകുന്ന സമുദ്രത്തിന്റെ മറുകരകണ്ടവൻ. സ്വയം
ഗ്രാഹപരിഷ്വംഗം=തന്നെത്താൻ കെട്ടിപ്പിടിച്ചുള്ള ആലിംഗനം.
പാഞ്ചാല്യൻ=പാഞ്ചാലരാജാവിന്റെ പുത്രൻ. ശ്രാദ്ധദേവൻ=കാലൻ.
കള്ളവെച്ച കടവ്=“അശ്വത്ഥാമാ ഹതഃ കുഞ്ജരഃ” എന്നുള്ള വ്യാജമാ
കത്. വാസ്തവത്തിൽ ഭീമസേനന്ന് അശ്വത്ഥാമാവെന്നു പേരുള്ള ഒരു
കൊമ്പനാനയുണ്ടായിരിക്കയും അദ്ദേഹം അതിനെ കൊല്ലുകയുംചെയ്തു.
‘അശ്വത്ഥാമാ ഹതഃ’ എന്നു ഭീമസേനൻ പറഞ്ഞപ്പോൾ ദ്രോണൻ
അതു വിശ്വസിച്ചില്ല; ധർമ്മാത്മാവായ യുധിഷ്ഠിരനോട് അതു
നേരു തന്നെയോ എന്നു ചോദിച്ചു. യുധിഷ്ഠിരൻ ‘ഹതഃ കുഞ്ജരഃ’
എന്ന് അവ്യക്തമായി പറഞ്ഞു. “തമതഥ്യഭയേ മഗ്നോ ജയേ സക്തോ
യുധിഷ്ഠിരഃ അവ്യക്തമബ്രവീദ്രാജൻ ഹതഃ കുഞ്ജര ഇത്യുത” എന്നു
ദ്രോണപർവ്വത്തിൽ. അന്നുവരെ ഭൂമിയിൽനിന്നു നാലംഗുലം ഉയർന്നി
രുന്ന തേര് ഉടൻ ഭൂമിയെ സ്പർശിച്ചു. യുധിഷ്ഠിരൻ അപ്പോൾ
മുതൽ സാമാന്യമനുഷ്യരെപ്പോലെയായി എന്നു സാരം.

28. യോഗയുക്തൻ=യോഗിയായവൻ. ജിതകാശി = ജയിച്ചവ
നായി ഭാവിക്കുന്നവൻ. പിഷ്ടപേഷം=പൊടിച്ചതിനെ പൊടിക്കുക;
ഇവിടെ മരിച്ചവനെ കൊല്ലുക. കരു=ആയുധം. ആയുധത്താൽ മരി
ക്കാത്ത ക്ഷത്രിയനു നല്ല ലോകമില്ലെന്ന് ആപ്തവാക്യം.

29. പാണ്ഡുതനയർ=പാണ്ഡവർ. പതിപ്രാണ=സാധ്വിയായ
പത്നി. ആണ്മ=പൌരുഷം. പഞ്ചപഞ്ചജനങ്ങൾ=അഞ്ചു മനുഷ്യർ.
പഞ്ചശീർഷപന്നഗം=അഞ്ചു തലയുള്ള പാമ്പ്. പാണിപീഡനം=പാണി
ഗ്രഹണം. പാണ്ഡവർക്കും സുന്ദോപസുന്ദന്മാർക്കും ഒന്നുപോലെ തമ്മിൽ
സൌഭ്രാത്രമുണ്ടായിരുന്നു. ഗൃഹിണിയായ പാഞ്ചാലി അതു വലിപ്പി
ച്ചു; തേവടിശ്ശിയായ തിലോത്തമ അതു നശിപ്പിച്ചു. വിശേഷം=വ്യത്യാ
സം. സത്രാജിൽപുത്രി=സത്യഭാമ.

Digitized By Kerala Sahitya Akademi

30 സന്താനം=കല്പവൃക്ഷം. മാരുതി=ഭീമസേനൻ. മർമ്മഭിത്ത്=മർമ്മത്തെ ഭേദിക്കുന്നതു്. കൈശികം=കബരി. കാസരവാഹൻ=പോത്തു വാഹനമായുള്ളവൻ; കാലൻ. കന്നൻ=ദുഷ്ടൻ. കാളഭോഗി=കൃഷ്ണസർപ്പം.

31. തന്തുവായൻ=തുന്നല്ക്കാരൻ. വററചീരയില=ഭഗവാൻ അക്ഷയപാത്രത്തിൽ പററിക്കിടന്ന ഒരു വററചീരയില ഭക്ഷിച്ചു ലോകത്തിന്റെ ഉദരപൂർത്തി വരുത്തി ദുർവ്വാസസ്സിനെ പ്രസാദിപ്പിച്ച കഥ വനപർവ്വത്തിൽ. കീചകനെ ദ്രൗപദി ഒരു നോക്കുകൊണ്ടു് അതൃപ്യം ഒതറിപ്പിച്ചു. തീയിൽ കരുത്തതു്=ദ്രൗപദി യജ്ഞസേനന്റെ അഗ്നികുണ്ഡത്തിൽ ജനിച്ചതായി ഐതിഹ്യം. ദുശ്ശളേശൻ=ദുശ്ശളയുടെ ഭർത്താവു്; ജയദ്രഥൻ. ശതപത്രായതാക്ഷി=താമരയിതൾപോലെ നീണ്ട കണ്ണോടുകൂടിയവൾ.

32. ശുചി=അഗ്നി. അരണി=യാഗാഗ്നി ഉദ്ദീപിപ്പിക്കുവാനുള്ള കടകോൽ.

33. ഘോഷ, വിശ്വാവര, ലോപാമുദ്ര മുതലായ വൈദികമഹിളാമണികൾ അത്രി, വിശ്വാമിത്രൻ മുതലായ മഹർഷിമാരെപ്പോലെ ഋഗ്വേദസൂക്തങ്ങൾ ദർശിച്ചവരാണു്. പണ്ടു സ്ത്രീകൾക്കും ഭാരതഖണ്ഡത്തിൽ പുരുഷന്മാരെപ്പോലെ ഉപനയനവും ഗായത്ര്യുപദേശവും മററുമുണ്ടായിരുന്നതായി യമസ്മൃതി ഘോഷിക്കുന്നു. ശ്രുത്യംബാ=വേദമാകുന്ന മാതാവു്. ശ്രുതിസീമന്തം=വേദാന്തം. വേദത്തെ പ്രസാധനം ചെയ്ത സൈരന്ധ്രിമാർ. ഗാർഗ്ഗിയുടെ ചോദ്യങ്ങൾ ബൃഹദാരണ്യകോപനിഷത്തിൽ വിസ്തരിച്ചുകാണുന്നു.

34. യാജ്ഞവല്ക്യനു കാത്യായനിയെന്നും മൈത്രേയിയെന്നും രണ്ടു ഭാര്യമാർ. അവരിൽ കാത്യായനി ധനംകൊണ്ടു തൃപ്തയായി. ബ്രഹ്മവാദിനിയായ മൈത്രേയിയാകട്ടെ മോക്ഷപ്രദമല്ലാത്ത ധനംകൊണ്ടു തനിക്കു് ഒരു പ്രയോജനവുമില്ലെന്നു പറയുന്നു. ബൃഹദാരണ്യകോ·

Digitized By Kerala Sahitya Akademi

പനിഷത്തു നോക്കുക. സുലഭ എന്ന ഭിക്ഷുകി ജനകമഹാരാജാവിനു തത്വോപദേശംചെയ്യുന്ന കഥ ശാന്തിപർവ്വത്തിൽ കാണാം. ചിരന്തനം=പുരാതനം. പാറയ്ക്കു ജീവൻ നല്കുവാൻ ശ്രീരാമനു സാധിച്ചതു് പാറ പണ്ടു സ്ത്രീയായിരുന്നതിനാലാണെന്നു കവിയുടെ ഉല്ലേഖം. അഹല്യാമോക്ഷം കഥ. വിദുല എന്ന വീരമാതാവിന്റെ പുത്രനാണു് സഞ്ജയനെന്ന രാജാവു്; ധൃതരാഷ്ട്രരുടെ അനുചരനായ സഞ്ജയനല്ല. ആ രാജാവു് സിന്ധുരാജാവിനോടു തോററു നിരുദ്യോഗനായി കിടക്കുമ്പോൾ വിദുല അദ്ദേഹത്തെ യുദ്ധസന്നദ്ധനാക്കുന്ന ഇതിഹാസം കുന്തീദേവി ശ്രീകൃഷ്ണൻമുഖേന ധർമ്മപുത്രരെ ധരിപ്പിക്കുന്നു. ഇതു് ഉദ്യോഗപർവ്വത്തിലെ അത്യുജ്ജ്വലമായ ഒരു ഭാഗമാണു്. "വിദുലാ നാമ രാജന്യാ ജഗർഹേ പുത്രമൌരസം നിർജ്ജിതം സിന്ധുരാജേന ശയാനം ദീനചേതസം." ഇത്യാദി പദ്യങ്ങൾ നോക്കുക. ഉത്ഥായി=ഉത്ഥാനശീലൻ. സാധ്വസം=ഭയം. ശശ്വത്തു്=എല്ലായ്പോഴും നിലനില്ക്കുന്നതു്. ഭാരതായോധനം=ഭാരതയുദ്ധം.

35. ശ്വശ്രൂ=അമ്മായിഅമ്മ; ഇവിടെ ഗാന്ധാരി. കുന്തിയുടെ മഹത്തായ ഈ ത്യാഗം ആശ്രമവാസപർവ്വത്തിൽ കാണാം. അപ്രമത്തന്മാർ=ശ്രദ്ധയോടുകൂടിയവർ. അനൂചാനമാനികൾ=ഓത്തുചൊല്ലിയവരെന്നുവെച്ചു ഞെളിയുന്നവർ. വിപ്രപത്ന്യനുഗ്രഹലീല ദശമസ്കന്ധത്തിൽ കാണാം. ആഖ്യാനങ്ങൾ=പുരാവൃത്തങ്ങൾ. മാതൃപ്രിയാസോദരീദുഹിതാക്കൾ=അമ്മ, പത്നി, സഹോദരി, പുത്രി ഇവർ. മങ്ഗലപ്രതിപാദനോൽകകൾ=ശുഭം നൽകുന്നതിനു സജ്ജകൾ. മാർഗ്ഗോല്കകൾ=മാർഗ്ഗത്തിലുള്ള പന്തങ്ങൾ. പ്രജ്ഞ=ബുദ്ധി. രസജ്ഞ=നാക്കു്. പ്രാസാദം=മാളിക. കാസാരം=പൊയ്ക. കല്ലോലിനി=പുഴ. സ്കന്ധം=തടി. മധു=തേൻ.

36. ചർമ്മം=ത്വക്കു്. സ്ത്രീകൾക്കു മുഖത്തിൽ രോമമില്ല; പുരുഷന്മാർക്കു് ഉണ്ടു്. നമ്മുടെ പൂർവ്വന്മാരെന്നു പരിണാമവാദം നമ്മെ പഠിപ്പിക്കുന്ന വാനരങ്ങളിൽനിന്നു സ്ത്രീയോളം പുരുഷൻ അകന്നിട്ടില്ലെന്നും അതിനാൽ പുരുഷനെ അപേക്ഷിച്ചു സ്ത്രീ ഉത്തമസൃഷ്ടിയെന്നും കവിയു

Digitized By Kerala Sahitya Akademi

ടെ ആശയം. അന്തര്യാമി=അന്തഃസ്ഥിതമായ ദിവ്യചൈതന്യം. ഉല്പഥഗാമനാർ=മര്യാദവിട്ടു ദുർമ്മാർഗ്ഗങ്ങളിൽ പരിഭ്രമിക്കുന്നവർ. ഉജ്ജ്വലയുണ്ടായി തന്നിമിത്തം വേണം ഉന്മാർഗ്ഗവർത്തി ആചാരവാനാകയാൻ. ത്രയി=ഋക്, യജുസ്സ്, സാമം ഈ വേദങ്ങൾ. ത്രയിയും, ഗംഗയും, സദ്ധർമ്മാത്മമാകുന്ന ഭാരതഭൂമിയെ പുണ്യഭൂമിയാക്കുന്നതു്. ദിഗ്മയത്തിന തന്ന വാൾകൊണ്ടു് ആത്മഹത്യ ചെയ്യുന്നതുപോലെയാകുന്ന പുരുഷാർത്ഥസാധനത്തിന ഉജ്ജ്വലമായ സ്ത്രീമൂലം ഒരുവൻ ദുർമ്മാർഗ്ഗത്തിൽ സഞ്ചരിക്കുന്നതു്. അതുകൊണ്ടു് ആ അനുഗ്രഹം നൽകിയ ദൈവത്തിനു യാതൊരു ഹാനിയുമില്ല. പ്രജാനിധി=സന്താനമാകുന്ന നിധി.

37. വലുതായ ഒരു യാഗമാകുന്ന പ്രസവവും സന്താനരക്ഷണവും. സ്ഥൂലഫലം=പാറ. അന്ധൂഡാന്ധു=പൊട്ടക്കിണറ്. ആന്തരപൂരുഷൻ=അന്തര്യാമി. സാഹിതീവേധസ്സുകൾ=പുരാതനന്മാരായ സാഹിത്യാചാര്യന്മാർ.

38. കർമ്മനേതൃകൾ=കർമ്മപദ്ധതിയിൽ നയിപ്പിക്കുന്നവർ. ധർമ്മസേതുക്കൾ=ധർമ്മത്തെ ചോർന്നുപോകാതെ കെട്ടിനിറുത്തുന്ന അണകൾ. ആരാത്രികം=നീരാജനം. ഭേഷജം=മരുന്നു്. ഗദാന്തരം = മററൊരു രോഗം. കദധ്വാവു്=ദുഷ്ടമാർഗ്ഗം.

39. പാദാഘാതം=വഴിയിൽവെച്ചുണ്ടാവുന്നതല്ല പൊതിച്ചോറ്. വരുണി=വരുണന്റെ ഭൂമി; പാശ്ചാത്യഖണ്ഡം. പൂഗം=സംഘം. രശ്മി=കടിഞ്ഞാൺ. പ്രതോദം=ചമ്മട്ടി. ഗ്രഹങ്ങളാകുന്ന ക്ഷേത്രങ്ങൾ.

40. ശബ്ദം=ചോട്ട്; അല്ല. അഭ്രം=ആകാശം. പതത്രി=പക്ഷി.

41. ആഴിക്കുള്ളിൽ തള്ളുക=തീരെ തിരസ്കരിക്കുക. ആഖേടം=നായാട്ടു്. ചതുർവ്വർഗ്ഗകേദാരം=ധർമ്മാർത്ഥകാമമോക്ഷങ്ങളുടെ വിളഭൂമി. കല്യ=കൈകാര്യാട്ടു്. വേല=കടൽകര. പദകടകം=ഹംസകം, കാൽത്തള. നിഗളം=ചങ്ങല. സീമാദരം=മര്യാദയിൽ ആദരവു്

Digitized By Kerala Sahitya Akademi

42. കൊള്ളക്കൊടുക്ക=കൊടുക്കൽവാങ്ങൽ. വിസ്മേര=വിസ്മയത്തോടുകൂടിയവൾ. വ്രീഡ=ലജ്ജ. വർണ്ണി=തപസ്വി. തനൂജേ=പുത്രി. ആത്മീയധാമം=സ്വന്തം ഗൃഹം. റാൾഫ് വാർഡോ എമേഴ്സൺ (Ralph Wardo Emerson) എന്ന പ്രസിദ്ധ തത്വചിന്തകനായ ഗ്രന്ഥകാരൻ. തോറോ (Thoreau)=മറ്റൊരു തത്വചിന്തകനായ ഗ്രന്ഥകാരൻ. വില്യം ജേംസ് (Willam James) പ്രസിദ്ധ മനശ്ശാസ്ത്രപണ്ഡിതൻ. വാൾട്ട് വിറ്റ്മാൻ (Walt Whitman) പ്രസിദ്ധ കവി. എല്ല വീലർ വിൽക്കോക്സ് (Ella Wheeler Wilcox.=പ്രസിദ്ധ കവയിത്രി. ഇവരെല്ലാം അമേരിക്കയുടെ സന്താനങ്ങളും ഭാരതീയാദർശങ്ങളെ ബഹുമാനിക്കുന്നവരുമായിരുന്നു. ഇവരുടെ ജീവിതകാലം ക്രി. പി. ൧൯-ാം ശതകത്തിലാണ്. വിൽക്കോക്സ് മാത്രം ഇരുപതാം ശതകത്തിലാണ് യശസ്വിനിയായതു്.

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi